നം.കെ.എസ്.എ-കെ.ടി.എം.പി.10/1954/2019 തീയതി : 03.02.2020

# കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.12.2019 മുതൽ 22.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.ജി.പ്രസാദ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷിബു എ.പി. (16.12.2019 മുതൽ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) <u>നിർവ്വഹണാധികാരികൾ</u>

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സണ്ണി മാത്യു | 01.04.2018 മുതൽ 18.05.2018 വരെ |
| | ശ്രീമതി ബീനാ ടോംസൺ(ആക്ടിംഗ്പ്രസിഡന്റ്) | 19.05.2018 മുതൽ 17.06.2018 വരെ |
| | ശ്രീ.വർഗ്ഗീസ് ആന്റണി | 18.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഡി.അനിൽ കുമാർ | 01.04.2018 മുതൽ 29.06.2018 വരെ |
| | ശ്രീമതി ബീമ എം. | 30.06.2018 മുതൽ 20.10.2018 F.N. വരെ |

| | | |
|---|---|---|
| | ശ്രീ.എം.മുഹമ്മദ് ഷെരീഫ്(ചാർജ്) | 20.10.2018 A.N. മുതൽ 31.12.2018 വരെ |
| | ശ്രീമതി ജി.വിജയലക്ഷ്മി | 01.01.2019 മുതൽ 31.03.2019 വരെ |

**(സി) <u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.ബി.അനിൽ | 01.04.2018 മുതൽ 11.06.2018 F.N. വരെ |
| | ശ്രീമതി അഞ്ജലി എസ്. | 11.06.2018 A.N. മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ജേക്കബ് മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ജി.രാജു | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഷീജാ അഷ്റഫ് | 01.04.2018 മുതൽ 22.11.2018 വരെ |
| | ഡോ.അഞ്ജന എസ്. | 23.11.2018 മുതൽ 14.01.2019 വരെ |
| | ഡോ.ആഷ എസ്. | 15.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സബിത ദിവാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.സുനിൽകുമാർ എഫ്.ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി രമ്യാ മോഹൻ | 01.04.2018 മുതൽ 22.12.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി രാജശ്രീ | 28.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | ശ്രീ.രഞ്ജിത് കൃഷ്ണൻ ജി. | 01.04.2018 മുതൽ 24.10.2018 വരെ |
| | ശ്രീ.അജിത്ജേക്കബ്(ചാർജ്) | 25.10.2018 മുതൽ 21.12.2018 വരെ |
| | ശ്രീമതി സൗമ്യ കെ. | 22.12.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.മുഹമ്മദ് ഷെറീഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എസ്.രാജീവ് | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7-1 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും |
| 1-7-2 | സമ്പൂർണ്ണ ഭവനപദ്ധതി ലോൺ-ബാദ്ധ്യതാ കണക്കുകൾ-വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായില്ല |
| 1-8-1 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല |
| 1-8-2 | തെറ്റായ നികുതി നിർണ്ണയം-പഞ്ചായത്തിന് ധനനഷ്ടം |
| 1-8-3 | നിയമാനുസൃതമല്ലാത്ത നികുതി ഇളവ് |
| 1-8-4 | തെറ്റായ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം പഞ്ചായത്തിന് വരവ് നഷ്ടം |
| 1-8-5 | അനധികൃത നിർമ്മാണം-ക്രമവത്കരിക്കാതെ കെട്ടിട നമ്പർ നൽകി |
| 1-8-6 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിൽ ജാഗ്രതക്കുറവ് |
| 1-9-1 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-9-2 | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം അനുസരിച്ച് തൊഴിൽനികുതി ഈടാക്കുന്നില്ല |

| | |
|---|---|
| 1-10-1 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-10-2 | പുതുക്കിയ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല |
| 1-11-1 | ദിവസവേതനാടിസ്ഥാനത്തിൽ നിയമനം-ഉത്തരവുകൾ പാലിച്ചിട്ടില്ല |
| 1-11-2 | രേഖകൾ ഹാജരാക്കാതെ തുക നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-11-3 | വിമുക്തി-ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി-ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് തുക കൈമാറിയില്ല |
| 1-11-4 | മോട്ടോർ റിപ്പയറിംഗ് ചാർജ്ജ്-പാടശേഖര സമിതി പ്രസിഡന്ററിന് നൽകി |
| 1-11-5 | ടെക്നിക്കൽ അസിസ്റ്റന്ററിന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കേണ്ടതാണ് |
| 1-11-6 | ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല |
| 1-11-7 | വിവിധ ഏജൻസികളിലേക്ക് തുകകൾ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കരാറിൽ ഏർപ്പെടുന്നില്ല |
| 1-11-8 | പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലെ കണക്കുകളിൽ അവ്യക്തത |

| | |
|---|---|
| 1-12 | വലിയകുളം പുറമ്പോക്ക് ഭൂമിയുടെ അവകാശത്തർക്കം-ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വരനടപടി-അനിവാര്യം |
| 1-13 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു |
| 1-14-1 | മൃഗസംരക്ഷണം-പോത്തുകുട്ടി വളർത്തൽ-നിർവ്വഹണത്തിൽ അപാകതകൾ |
| 1-14-2 | മൃഗസംരക്ഷണ മേഖല-പശു വളർത്തൽ-നിർവ്വഹണത്തിൽ അപാകതകൾ |
| 1-15-1 | പ്രോജക്ടിന് വിരുദ്ധമായി ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി |
| 1-15-2 | ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തി |
| 1-16-1 | യഥാസമയം കരാർ വെയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല |
| 1-16-2 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല |
| 1-16-3 | പദ്ധതി നിർവ്വഹണത്തിൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമമായില്ല-വൻതുക നഷ്ടം |
| 1-17-1 | പ്രോജക്ട് 197/19 ഉറവിടമാലിന്യ സംസ്കരണം-പ്രോജക്ട് പൂർത്തിയായില്ല |
| 1-17-2 | ലൈഫ് ഭവനപദ്ധതി-വീടുകൾ പൂർത്തീകരിക്കാത്തത് |

| | |
|---|---|
| 1-17-3 | ഭവനനിർമ്മാണം(ജനറൽ)-പൂർത്തിയായില്ല |
| 1-18-1 | മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(എസ്.സി.പി.)-രേഖകൾ ലഭ്യമല്ല |
| 1-18-2 | ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ബിൽ തുകയേക്കാളും കൂടുതൽ തുക സ്ഥാപനത്തിന് നൽകി |
| 1-18-3 | അഗതി രഹിത കേരളം-ആശ്രയ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നത് |
| 1-19 | സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | മോട്ടോർ റിപ്പയറിംഗ് ചാർജ്ജ്-പാടശേഖര സമിതി പ്രസിഡന്റിന് നൽകി |
| 3-2 | ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ബിൽ തുകയേക്കാളും കൂടുതൽ തുക സ്ഥാപനത്തിന് നൽകി |

| | |
|---|---|
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |

| | |
|---|---|
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 22.02.2019ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും, യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,92,68,831 | 3,50,36,065.99 |
| വരവ് | 21,75,17,973 | 9,62,73,866.00 |
| ആകെ | 23,67,86,804 | 13,13,09,931.99 |
| ചെലവ് | 21,70,27,350 | 7,00,72,975.00 |
| നീക്കിയിരിപ്പ് | 1,97,59,454 | 6,12,36,956.99 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി

യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,20,89,656 | 2,20,89,656 | 1,91,47,939 | 29,41,717 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 56,55,000 | 56,55,000 | 27,48,900 | 29,06,100 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,78,000 | 1,78,000 | 0 | 1,78,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 62,10,000 | 62,10,000 | 27,40,738 | 34,69,262 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 46,02,000 | 46,02,000 | 32,88,748 | 13,13,252 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,24,97,993 | 1,24,97,993 | 75,59,924 | 49,38,069 |
| ദുരിതാശ്വാസ നിധി | | 49,341 | 429 | 21,000 | 0 | 51,441 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,48,40,556 | 1,48,40,556 | 1,48,40,556 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,93,016 | 12,77,660 | 12,77,660 | 16,55,738 | 14,938 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി എസ് | | 6,14,771 | 7,83,350 | 7,83,350 | 9,92,140 | 4,05,981 |

| | | | | | | |
|---|---|---|---|---|---|---|
| റ്റി.എസ്.സി | | 19,086 | 2,10,000 | 2,10,000 | 2,10,000 | 19,086 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 13,47,453 | 16,00,000 | 16,00,000 | 16,00,000 | 13,47,453 |
| | ജില്ലാ പഞ്ചായത്ത് | 1,56,300 | 8,28,390 | 8,28,390 | 5,28,390 | 4,56,300 |
| ബി ഫണ്ട് | | 0 | 1,48,240 | 1,48,240 | 1,48,240 | 0 |
| ശുചിത്വമിഷൻ | | 97,827 | 17,68,874 | 3,30,000 | 15,36,701 | 18,66,701 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,92,33,449 | 2,12,34,664 | 5,04,68,113 | 1,67,02,499 | 3,37,65,614 |
| | എസ്.ബി.ഐ | 82,257 | 2,94,411 | 3,76,668 | 1,17,466 | 2,59,202 |
| | ട്രഷറി അക്കൗണ്ട് | 25,92,150 | 3,70,20,921 | 3,96,13,071 | 1,73,07,557 | 2,23,05,514 |

(തനത് ഫണ്ട് അക്കൗണ്ടുകളിൽ മറ്റ് വരവുകളും ഉൾപ്പെട്ടിട്ടുള്ളതിനാൽ അക്കൗണ്ടിലുള്ള തുകകൾ പൂർണ്ണമായും തനത് ഫണ്ടായി വിവക്ഷിക്കാൻ കഴിയുന്നവയില്ല. പൊതു ആവശ്യ ഗ്രാന്റിൽ നിന്നുള്ള ചെലവുകൾ പ്രത്യേക കണക്കായി സൂക്ഷിച്ചിട്ടില്ല.)

## ബി) **ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47,760 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 60,20,600 | 739 |
| വിധവാപെൻഷൻ | 75,97,800 | 886 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,66,50,500 | 1738 |
| വികലാംഗപെൻഷൻ | 30,43,200 | 351 |
| അവിവാഹിത പെൻഷൻ | 4,13,600 | 3 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## സി) <u>ദേശീയ തൊഴിലുറപ്പുപദ്ധതി</u>

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3,93,016 |
| വരവ് | ഇ.എഫ്.എം.എസ്,വരവ് | 1,48,40,556.00 | |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 12,77,660.00 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 1,40,56,726.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 48,246.00 | |
| | ഉപകരണങ്ങളുടെ വില, വാടക(മെറ്റീരിയൽ ചെലവ്) | 7,35,584.00 | |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പെടെ) | 16,55,738.00 | |
| നീക്കിയിരിപ്പ് | | | 14,938.00 |

തൊഴിലുറപ്പ് പദ്ധതി കാഷ്ബുക്കിൽ തനതുഫണ്ടിൽ നിന്നും നൽകുന്ന അഡ്വാൻസ് ഉൾപ്പെടെയുള്ള തുകയാണ് വരവിലും ചെലവിലും ചേർത്തിട്ടുള്ളത്.

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗരേഖകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വാർഷിക പദ്ധതി 11.2.2019 ലെ 490/18/DPC/DPO/KTM ഉത്തരവ് മുഖേന ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു.

അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 11,96,59,614 | 122 | 5,07,58,291 | - | 101 | 55 |

ആകെയുള്ള 223 ൽ 122 പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്തത്. പല പ്രോജക്ടുകളും സാമ്പത്തികവർഷാവസാനം പൂർത്തിയാക്കിയെങ്കിലും ബില്ലുകൾ മാറാനാവാതെ 'ക്യൂ'വിലായിരുന്നു. വാർഷികപദ്ധതി അടങ്കൽ തുകയുടെ 42.41% മാത്രമാണ് ചെലവഴിക്കപ്പെട്ടത്.

**<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല-വിവിധയിനം ഫണ്ടുകൾ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം 1.57 കോടി രൂപ നഷ്ടമായി</u>**

പദ്ധതിനിർവ്വഹണത്തിലെ ഉദ്യോഗസ്ഥ - ഭരണസമിതി തലങ്ങളിലെ അലംഭാവം മൂലം അംഗീകാരം ലഭിച്ച നിരവധി വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പാക്കുകയുണ്ടായില്ല. നടപ്പാക്കിയവയിൽ പലതിനും വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാത്ത സാഹചര്യവും ഉണ്ടായി. ഇപ്രകാരമുള്ള വീഴ്ചകൾമൂലം ചുവടെ വിവരിക്കും പ്രകാരം പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച വലിയ തുക സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ടുമെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട്, പൊതുവിഭാഗം | 2,20,89,656 | 1,91,47,939 | 29,41,717 |
| വികസനഫണ്ട്, എസ്.സി.പി | 56,55,000 | 27,48,900 | 29,06,100 |
| വികസനഫണ്ട്, ടി.എസ്.പി | 1,78,000 | 0 | 1,78,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,24,97,993 | 75,59,924 | 49,38,069 |

| | | | |
|---|---|---|---|
| മെയിൻ്റനൻസ് ഫണ്ട്, റോഡ് | 62,10,000 | 27,40,738 | 34,69,262 |
| മെയിൻ്റനൻസ് ഫണ്ട്, റോഡിതരം | 46,02,000 | 32,88,748 | 13,13,252 |
| **ആകെ** | | | **1,57,46,400** |

കൂടാതെ മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ച പല ബില്ലുകളും 'ക്യൂ' വിലായതുമൂലം പാസ്സാകാതെ വരികയും 2019-20 ൽ ലഭ്യമായ ഫണ്ടിൽ നിന്ന് മാറുകയും ചെയ്തതുമൂലം തൻവർഷം വികസനപ്രവർത്തനത്തിന് വിനിയോഗിക്കേണ്ടിയിരുന്ന തുകയിൽ ചുവടെ ചേർക്കും പ്രകാരം 39,14,898 രൂപയുടെ കുറവും ഉണ്ടായി .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | 'ക്യു'ബില്ലുകളുടെ എണ്ണം | തുക |
|---|---|---|
| സെക്രട്ടറി | 4 | 2,23,270 |
| വി.ഇ.ഒ | 5 | 1,64,440 |
| എൽ.വി.ഇ.ഒ | 2 | 18,000 |
| അസിസ്റ്റൻ്റ് സെക്രട്ടറി | 4 | 2,57,100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1 | 79,170 |
| അസിസ്റ്റൻ്റ് എൻജിനീയർ | 22 | 31,72,918 |
| **ആകെ** | **38** | **39,14,898** |

ഫലത്തിൽ 2018-19, 2019-20 വർഷങ്ങളിലായി പദ്ധതി പ്രവർത്തനങ്ങൾക്കും അതുവഴി ഗ്രാമപഞ്ചായത്തിൻ്റെ വികസനത്തിനും വിനിയോഗിക്കാൻ ലഭിക്കുമായിരുന്നതിൽ ആകെ 1,96,61,298/- രൂപ നഷ്ടമായിട്ടുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിച്ചുള്ള കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഇപ്രകാരമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

## <u>ടി.എസ്.പി വിഭാഗം വികസനഫണ്ട് - ചെലവില്ല</u>.

വികസനഫണ്ട്, ടി.എസ്.പി വിഹിതം 1,78,000/- രൂപ അലോട്ടുമെന്റ് ഉണ്ടായിരുന്നുവെങ്കിലും ചെലവഴിക്കുകയുണ്ടായില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവനനിർമാണ പ്രോജക്ടിന് (പ്രോജക്ട് നം. 159/19) തനതുഫണ്ടിൽ നിന്ന് 2,22,000 രൂപ കൂടി ഉൾപ്പെടുത്തി 4,00,000/- രൂപ വകയിരുത്തിയെങ്കിലും പ്രോജക്ട് നടക്കുകയുണ്ടായില്ല. പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെട്ട ജനങ്ങൾ പഞ്ചായത്തിൽ കുറവാണെന്നാണ് അറിയുന്നത്. ഈയിനത്തിൽ തുക ആവശ്യമില്ലായെങ്കിൽ വിവരം സർക്കാരിൽ അറിയിച്ച് തുക ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ 11 നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും പരമ്പരാഗതമായി നടപ്പിലാക്കിവരുന്നവയൊഴികെ പ്രത്യേകപരാമർശം അർഹിക്കുന്ന നൂതന പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നില്ല. നടപ്പിലായ 47 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രവൃത്തികളുമാണ്. ലൈഫ് ഭവനപദ്ധതിക്കായാണ് ഏറ്റവുമധികം തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത്. മറ്റ് ഭവനനിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ ലൈഫ് പ്രോജക്ടുമായി സംയോജിപ്പിക്കേണ്ടിയിരുന്നുവെങ്കിലും സഹകരണബാങ്കിൽ നിന്ന് ലോൺ ഉപയോഗിച്ച് വീട് നിർമിക്കുന്നതിനുള്ള ഭവനനിർമ്മാണം(ജനറൽ)(പ്രോ.നം.199/19)എന്ന വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തിയിലൂടെ ഗുണഭോക്താക്കൾക്ക് തൻവർഷം വിവിധ ഘട്ടങ്ങളായി 3,80,000/- രൂപ വിതരണം ചെയ്യുകയുണ്ടായി. ഇത് സർക്കാർ നിർദേശത്തിന്റെ ലംഘനമാണ്. വാർഷിക പദ്ധതിയിൽ മാലിന്യസംസ്കരണ പ്രവൃത്തികൾക്ക് വലിയ പ്രാധാന്യം നല്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നുവെങ്കിലും അതിനുള്ള പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കിയില്ല. വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി 2017ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടരുന്ന ഉറവിടമാലിന്യസംസ്കരണം എന്ന പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല. പ്ലാസ്റ്റിക് മാലിന്യശേഖരണം നടത്തുന്നതിന് ഹരിതകർമസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവെങ്കിലും കാര്യക്ഷമമായ പ്രവർത്തനം നടന്നില്ല. ഹരിതകർമസേനാംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ 4,21,158/- രൂപ വികസനഫണ്ടിൽനിന്നും 7,200/- രൂപ തനതുഫണ്ടിൽനിന്നുമായി ആകെ 4,28,358/- രൂ ചെലവഴിച്ചു. 19.6.2019 മുതൽ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ശേഖരിച്ചുതുടങ്ങി. പ്ലാസ്റ്റിക് മാലിന്യശേഖരണം കാര്യക്ഷമമാക്കി മാലിന്യസംസ്കരണ പ്രവൃത്തികൾ ഫലപ്രദമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവ്വഹണ പൂർത്തീകരണ വേളകളിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും നടപ്പാക്കിയ 122 പ്രോജക്ടുകളിൽ ഒന്നുപോലും മോണിട്ടർ ചെയ്യുകയുണ്ടായില്ല.

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കുന്നതിന് തയാറാക്കിയ 130 പ്രോജക്ടുകളിൽ 45 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ നടപടികളിൽ തികഞ്ഞ അനാസ്ഥയാണ് കാണപ്പെട്ടത്.

ഭരണസമിതിയുടെ ഭാഗത്തുനിന്ന് പ്രവൃത്തികളിൻമേൽ യാതൊരുവിധ തുടർനിരീക്ഷണവും നിർവ്വഹണഘട്ടങ്ങളിലും, പൂർത്തീകരിച്ചശേഷം തുടർ പ്രവർത്തനങ്ങളിലും ഉണ്ടാകുന്നില്ല.

അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങി എല്ലാഭാഗത്തുനിന്നും സംയോജിതമായ നീക്കം ഉണ്ടാവണം.

അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരു പരിധി വരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജനമുൾപ്പെടെ പ്രോജക്ടുകൾ ഫലപ്രദമായില്ലയെന്നത് നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ ദീർഘവീക്ഷണം ഇല്ലായ്മയെയാണ് കാണിക്കുന്നത്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം തികച്ചും തകർച്ചയിലായിരുന്നുവെന്നാണ് ഓഡിറ്റിൽ വെളിപ്പെട്ടത്. ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ മതിയായ ഏകോപനം ഉണ്ടായിട്ടില്ല. മുഴുവൻ സമയ സെക്രട്ടറിയുടെ സേവനം ലഭിക്കാഞ്ഞത് സാമ്പത്തികനിലയിലും ഭൂവിസ്തൃതിയിലും മുന്നിട്ടുനിൽക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണാധികാരി ഇല്ലാത്ത അവസ്ഥ സംജാതമാക്കി. ഇതുമൂലം വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള നിയന്ത്രണങ്ങളും സാദ്ധ്യമായില്ല. 2 കോടിയോളമുള്ള ബാങ്ക് വായ്പയിൽ സാമ്പത്തികവർഷം പിൻവലിച്ച തുക വാർഷികകണക്കുകളിൽ ഉൾപ്പെടാത്തതും ഇത്രയും വലിയ തുകയുടെ ലോൺ സെക്രട്ടറിയുടെ പേരിലല്ലായെന്നതും കാര്യക്ഷമമായ മേൽനോട്ടസംവിധാനത്തിന്റെ അഭാവം മൂലമാണ് ഉണ്ടായത്. വിവിധ ഓഫീസ്

സെക്ഷനുകൾ ദൈനംദിനജോലി പൂർത്തീകരണത്തിനപ്പുറം സ്ഥാപനത്തിന്റെ സ്ഥായിയായ പ്രശ്നങ്ങൾ മനസ്സിലാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടില്ല. വസ്തുനികുതിയുൾപ്പെടെയുള്ള നികുതി നികുതിയിതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തുന്നതിലും ഈടാക്കുന്നതിലും വരുത്തിയ വീഴ്ചകൾ സ്ഥാപനത്തിന് വലിയ വരുമാനനഷ്ടം ഉണ്ടാക്കി. ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പിരിവ് വളരെ പരിതാപകരമായത്ര കുറവായാണ് കണക്കുകൾ കാണിക്കുന്നത്. 4.12.2019 ലെ ലഭ്യമാക്കിയ കണക്കനുസരിച്ച് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി കുടിശിക മാത്രം 55,09,599/- രൂപയാണ്. വസ്തുനികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സംയോജിത പരിശ്രമം ആവശ്യമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിറ്റ്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകളുണ്ടെങ്കിലും പ്രാവർത്തികമായില്ലായെന്നാണ് വസ്തുനികുതിയിൽ നിലനിൽക്കുന്ന വലിയ കുടിശികയും ലൈസൻസുകൾ മുൻവർഷത്തേതിൽ നിന്ന് വളരെ കുറവ് മാത്രം തൻവർഷം നല്കാൻ സാധിച്ചുള്ളുവെന്നതും വെളിപ്പെടുത്തുന്നത്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിതമായിട്ടുള്ള വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ സംബന്ധിച്ച് സമഗ്രമായ വിവരവ്യൂഹം പഞ്ചായത്തിൽ ലഭ്യമല്ല. ഇത്തരം വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി, സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി, ലൈസൻസ് ഫീ തുടങ്ങിയ ഇനങ്ങളിൽ നിയമാനുസൃതം ഒഴിവുള്ളവയുടെ വിവരം ലഭ്യമല്ല. ഇതിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ വസ്തുനികുതിയും ലൈസൻസ് ഫീസും ഒടുക്കുന്നതായും കാണുന്നു. ഇത് സംബന്ധമായി തികഞ്ഞ അവ്യക്തതയാണ് നിലനിൽക്കുന്നത്. വിവിധ ഫണ്ടിനങ്ങൾ വകയിരുത്തി 11 കോടിയിലധികം രൂപ അടങ്കൽ തുകയുടെ 223 പ്രോജക്ടുകൾക്ക് വാർഷികപദ്ധതിയിൽ അംഗീകാരം വാങ്ങിയെങ്കിലും 5 കോടിയോളം ചെലവഴിച്ച് 122 പ്രോജക്ടുകൾ മാത്രമാണ് തൻ വർഷം നടപ്പാക്കി. കേവലം 42% മാത്രമാണ് വാർഷിക പദ്ധതിയുടെ ചെലവ്. നടപ്പാക്കിയ ഒരു പ്രോജക്ട് സംബന്ധിച്ചും മോണിട്ടറിംഗോ തുടർ പരിശോധനയോ ഉണ്ടായില്ലെന്നത് പണം ചെലവഴിക്കുന്നതിനപ്പുറം ഫലപ്രാപ്തിയുൾപ്പെടെ പ്രോജക്ട് ലക്ഷ്യങ്ങൾക്ക് പ്രാധാന്യം നല്കിയില്ലെന്നാണ് വ്യക്തമാക്കുന്നത്. പദ്ധതി രൂപീകരണ നിർവഹണ നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളുടെ ലംഘനമാണുണ്ടായത്. ഇപ്രകാരം പ്രോജക്ട് നിർവ്വഹണത്തിലെ പരാജയം സർക്കാർ ഗ്രാന്റിനത്തിൽ 1.57 കോടിയോളം രൂപ ലാപ്സാകുന്നതിനും കാരണമായി. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി രൂപീകരണവുമായി

ബന്ധപ്പെട്ട യോഗങ്ങൾ എന്നിവയെല്ലാം ചേരുന്നതിന്റെ മിനിറ്റ്സുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ജനറൽകമ്മിറ്റിയുടെ ചില തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. ശ്രദ്ധാപൂർവം കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഹാർഡ്‌വെയർ രജിസ്റ്റർ എന്നിവ ശരിയായി സംരക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനകലണ്ടർ ഫയലിൽ ഉൾപ്പെടുത്തുന്നില്ല. കരാർ വെയ്ക്കുന്നതിലും, പ്രവൃത്തി പൂർത്തീകരിക്കുന്നതിലും സമയക്രമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല. ഇപ്രകാരമുള്ള പ്രശ്നങ്ങൾ ആഭ്യന്തരനിയന്ത്രണത്തിലെ പാളിച്ചകളെയാണ് വെളിപ്പെടുത്തുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വെയ്ക്കണമെന്ന നിയമപ്രകാരമുള്ള അനുശാസനം പാലിക്കപ്പെടുന്നില്ല. അപാകതകൾ പരിഹരിച്ച് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം കൈവരിക്കേണ്ടതാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,689/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2019 - 12.11.2019 | 10/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2016 - 23.06.2016 | 2011-12 - 2015-16 | 31.08.2016 |

## 1-7-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2.5.19ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 3,50,36,065.99/- രൂപയും തൻവർഷ വരവ് 9,62,73,866/- രൂപയും തൻവർഷചെലവ് 7,00,72,975/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 6,12,36,956.99/- രൂപയും ആകുന്നു. ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലിമാക്കിയിട്ടില്ലാത്തതിനാൽ B11ലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2) B 5ഷെഡ്യൂൾ പ്രകാരം സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള വായ്പയിനത്തിലെ ബാലൻസ് 1,10,20,000 രൂപയാണ്. എന്നാൽ യഥാർത്ഥ ബാലൻസ് 1,13,90,000 രൂപയാണ്. 3,70,000 രൂപ വായ്പയെടുത്തത് തൻവർഷത്തെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല

3) B 4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനമിനത്തിൽ 15,29,969 രൂപ ബാലൻസ് നിൽക്കുന്നു. എന്നാൽ ടി തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ ബാധ്യതയായി അവശേഷിക്കുന്നില്ല

4) തൻ വർഷം 29,24,300 രൂപ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക ചെലവായി കണക്കാക്കിയതിനാൽ B 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

6) വസ്തുനികുതി ഇനത്തിലെ കുടിശ്ശിക ഡിമാന്റ് തുക, സഞ്ചയ ഡി.സി.ബി. പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

7) സ്ഥാപന തൊഴിൽനികുതി-രജിസ്റ്റർ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകകൾ, വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8) സ്ഥാപന തൊഴിൽനികുതി - മുൻകൂർ സ്വീകരിച്ച തുകകൾ വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9) തൊഴിൽ രഹിത വേതനം എന്ന ശീർഷകത്തിൽ, വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും, സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10) വിവാഹ ധനസഹായം എന്ന ഇനത്തിലുള്ള 90,000 രൂപയുടെ വിനിമയങ്ങൾ വാർഷിക ധനകാര്യപത്രികയിലെ RP-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) വാർഷിക ധനകാര്യപത്രിക ബി-3, ബി-11 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തി സൃഷ്ടിക്കുന്നതിനുവേണ്ടി തൻവർഷം വിനിയോഗിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

12) എസ്.സി.പി.ഫണ്ട് ഇനത്തിൽ ACR-ൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള തുകയും, വാർഷിക ധനകാര്യപത്രികയിലെ RP-7 ഷെഡ്യൂളിലെ ബന്ധപ്പെട്ട ശീർഷകത്തിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-7-2 സമ്പൂർണ്ണ ഭവനപദ്ധതി ലോൺ-ബാദ്ധ്യതാ കണക്കുകൾ-വാർഷിക ധനകാര്യപത്രികയുടെ ഭാഗമായില്ല

സമ്പൂർണ്ണ ഭവനപദ്ധതിക്ക് വേണ്ടി 2015 ൽ ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2 കോടി 10 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ തുക നിക്ഷേപിക്കുകയും ചെക്ക് വഴി പിൻവലിക്കുകയുമാണ് ചെയ്യുന്നത്. ചെലവ് വിവരം വി.ഇ.ഒ ലഭ്യമാക്കുന്ന മുറയ്ക്ക് കണക്കിൽ ഉൾപ്പെടുത്തുന്നു. ബാങ്ക് ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം മുതലും പലിശയും വികസനഫണ്ട്/തനത് ഫണ്ടിൽ നിന്നും അടക്കുകയുമാണ് ചെയ്യുന്നത്. 31.03.2019 വരെ 1,97,90,000/- രൂപ ലോൺ എടുക്കുകയും 84,00,000/- രൂപ മുതലിനത്തിൽ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ ഇനത്തിൽ 41,03,447/- രൂപയും അടവാക്കിയിട്ടുണ്ട്. വാർഷികകണക്ക് പരിശോധിച്ചതിൽ 2018-19 ൽ വായ്പയായി എടുത്തിട്ടുള്ള 3,70,000/- രൂപ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലോണിനത്തിൽ തിരിച്ചടക്കാനുള്ള തുക 1,10,20,000/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 1,13,90,000/- രൂപയുമാണ്. ലോൺ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ ചേർക്കാതെ നേരിട്ട് പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ ചേർക്കുന്നതു മൂലം ഇവർ കണക്ക് നല്കിയാൽ മാത്രമേ പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുകയുള്ളൂ എന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്. സെക്രട്ടറി അറിയാതെ ലോൺ തുകയുടെ ചെലവ് നടക്കുന്നതും സമയബന്ധിതമായി അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതും കണക്കുകളുടെ സുതാര്യത നഷ്ടപ്പെടുത്തുന്നു.

### 1-8-1 ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്ത് 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയവ ഈടാക്കുന്നില്ല. ഇവിടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ വിവരം എന്നിവ പഞ്ചായത്തിൽ ലഭ്യമല്ല. പ്രത്യേക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ നികുതി പരിധിയിൽ വരുന്നില്ല എന്ന് പ്രസ്തുത സ്ഥാപനങ്ങൾ അറിയിച്ചിട്ടുള്ളതായി അറിയുന്നു. ഈ മേഖല ഉൾപ്പെടുന്ന വാർഡിലെ വസ്തു നികുതി കുടിശിക 14,43,428/- രൂപയാണ്. ഇതിൽ ഭൂരിഭാഗവും മേൽപറഞ്ഞ സ്ഥാപനങ്ങളുടെ നികുതി കുടിശികയാണ്. കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ1(2) പ്രകാരം പ്രത്യേകമേഖലയായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും നികുതി പരിധിയിൽ ഉൾപ്പെടുന്നതാണ്. മേഖലയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും കൃത്യമായി നമ്പറിംഗ് നടത്തേണ്ടതും നികുതി നിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കേണ്ടതുമാണ്.

### 1-8-2 തെറ്റായ നികുതി നിർണ്ണയം - പഞ്ചായത്തിന് ധനനഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 30/-രൂപ നിരക്കിലും അതിൽകൂടുതൽ തറവിസ്തീർണമുള്ളവയ്ക്ക് 50/-രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരുന്നത്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളിൽ ഓരോ മുറിയ്ക്കും പ്രത്യേകമായി നികുതി നിശ്ചയിച്ചപ്പോൾ ചില കെട്ടിടങ്ങൾക്ക് 30/-രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു.ഉദാഹരണത്തിന് വാർഡ് 14ലെ ജോസഫ് ചാക്കോയുടെ ഉടമസ്ഥതയിലുള്ള 226 ബി മുതൽ ഇ വരെയുള്ള മുറികളുടെ നികുതി നിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | തറവിസ്തീർണ്ണം | 30 രൂപ ക്രമത്തിൽ | 50 രൂപ ക്രമത്തിൽ ഈടാക്കാവുന്ന | വ്യത്യാസം |
|---|---|---|---|---|

| | | അടിസ്ഥാന നികുതി | അടിസ്ഥാന നികുതി | |
|---|---|---|---|---|
| 226/B | 118ച.മീ | 3,540 | 5,900 | 2,360 |
| 226/C | 24 | 720 | 1,200 | 480 |
| 226/D | 28 | 840 | 1,400 | 560 |
| 226/E | 28 | 840 | 1,400 | 560 |
| 226/F | 24 | 720 | 1,200 | 480 |
| | | | **ആകെ** | **4,440** |

കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ അടിസ്ഥാന നികുതിയിൽ മാത്രം 4,440/- രൂപ പ്രതിവർഷം കുറവ് വരുമെന്നിരിക്കെ തെറ്റായ നികുതി നിർണ്ണയം നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. 2018-19 സപ്ലിമെന്ററി അസസ്മെന്റ് പരിശോധിച്ചതിൽ സമാനരീതിയിൽ നികുതി നിർണ്ണയിച്ച പല കെട്ടിടങ്ങളും ഉള്ളതായി കാണുന്നു. ആയവ പുന:പരിശോധിച്ച് നിയമാനുസൃതമുള്ള നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-8-3 നിയമാനുസൃതമല്ലാത്ത നികുതി ഇളവ്

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള സർഗ്ഗക്ഷേത്ര എന്ന സ്ഥാപനത്തിന്റെ 2156 ച.മീറ്ററുള്ള 16ാം വാർഡിലെ 542-ഇ നമ്പർ കെട്ടിടത്തിന്റെ 900ച.മീ ഭാഗം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 ഡി പ്രകാരം നികുതിരഹിതമായി നല്കിയിട്ടുള്ളതായി കാണുന്നു. നേരിൽ പരിശോധിച്ചതിലും സ്ഥാപന ജീവനക്കാർ അറിയിച്ചതനുസരിച്ചും പകൽ വീടായി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 350/- രൂപ പ്രതിമാസ ഫീസ് ഈടാക്കി മുതിർന്ന പൗരൻമാർക്ക് പകൽ സമയങ്ങളിൽ ആരോഗ്യസംരക്ഷണവും കലാസാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ ഉന്നത നിലകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥർ ബിസിനസുകാർ എന്നിവരാണ് അംഗങ്ങളിൽ ഭൂരിഭാഗവും. ഓർഫനേജസ് കൺട്രോൾ ബോർഡ് അംഗീകരിച്ചിട്ടുള്ള ടി സ്ഥാപനത്തിൽ ബോർഡിംഗിനാണ് അംഗീകാരം നല്കിയിട്ടുള്ളത്. എന്നാൽ അഗതികളുടെ സംരക്ഷണം ഉൾപ്പെടെയുള്ള ചാരിറ്റി പ്രവർത്തനങ്ങൾ ഇല്ലാത്തതിനാലും ഫീസീടാക്കി അംഗങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതിനാലും കെട്ടിടത്തിന് നികുതി ഇളവ് നല്കിയത് നിയമാനുസതമല്ല.

നിയമാനുസൃതമല്ലാതെ നികുതി ഇളവ് നല്കിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഉള്ളതു കൊണ്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഇളവ് നല്കിയതെന്ന് മറുപടി നല്കിയിട്ടുണ്ട്. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും അർഹത ഉറപ്പാക്കി മാത്രം നികുതി ഇളവ് അനുവദിക്കേണ്ടതുമാണ്.

### 1-8-4 തെറ്റായ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം പഞ്ചായത്തിന് വരവ് നഷ്ടം

പഞ്ചായത്ത് 11-ാം വാർഡിൽ ചീരഞ്ചിറ സർവ്വീസ് സഹകരണബാങ്കിന് വേണ്ടി നിർമ്മിച്ചിട്ടുള്ളതും 280 എ മുതൽ ഇ വരെ നമ്പർ നല്കിയിട്ടുള്ളതുമായ കെട്ടിടം ഓഫീസ് ആവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ബാങ്കിംഗ് പ്രവർത്തനം തികച്ചും വാണിജ്യാവശ്യമായതിനാൽ 455 ച.മീ തറവിസ്തീർണ്ണം വരുന്ന കെട്ടിടം വാണിജ്യാവശ്യങ്ങൾക്കുള്ളതും 100ച.മീറ്ററിന് മുകളിൽ വരുന്നതുമായ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതായിരുന്നു. തെറ്റായ നികുതി നിർണ്ണയം മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറവിസ്തീർണ്ണം | നിർണ്ണയിച്ച നികുതി @ 30/- | നിർണ്ണയിക്കേണ്ട നികുതി @ 50/- | ആകെ കുറവ് |
|---|---|---|---|---|---|
| 1 | 280എ | 150 ച.മീ | അടിസ്ഥാന നികുതി 4500<br>ഇളവ് 00<br>വർദ്ധനവ് 20% 900<br>ആകെ 5400<br>ലൈ.സെസ് 270<br>സേവനനികുതി 1620 | അടിസ്ഥാനനികുതി 7500<br>ഇളവ് 00<br>വർദ്ധനവ് 20% 1500<br>ആകെ 9000<br>ലൈ.സെസ് 450<br>സേവനനികുതി 2700 | 4,860 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ 7290 | ആകെ 12150 | |
| 2 | 280ബി | 67ച.മീ | അടിസ്ഥാന നികുതി 2010<br>ഇളവ് 00<br>വർദ്ധനവ് 20% 402<br>ആകെ 2412<br>ലൈ.സെസ് 121<br>സേവനനികുതി 724<br>ആകെ 3257 | അടിസ്ഥാനനികുതി 3350<br>ഇളവ് 00<br>വർദ്ധനവ് 20% 670<br>ആകെ 4020<br>ലൈ.സെസ് 201<br>സേവനനികുതി 1206<br>ആകെ 5427 | 2,170 |
| 3 | 280സി | 33ച.മീ | അടിസ്ഥാന നികുതി 990<br>ഇളവ് 00<br>വർദ്ധനവ് 20% 198<br>ആകെ 1188<br>ലൈ.സെസ് 60<br>സേവനനികുതി 357<br>ആകെ 1605 | അടിസ്ഥാന നികുതി 1650<br>ഇളവ് 00<br>വർദ്ധനവ് 20% 330<br>ആകെ 1980<br>ലൈ.സെസ് 99<br>സേവനനികുതി 594<br>ആകെ 2673 | 1,068 |
| 4 | 280ഡി | 131ച.മീ | അടിസ്ഥാന നികുതി 3930 | അടിസ്ഥാനനികുതി 6550 | 4,029 |

| | | | | | |
|---|---|---|---|---|---|
| | | | ഇളവ് (ബഹുനില) 235.80<br>വർദ്ധനവ് 20% 786<br>ആകെ 4481<br>ലൈ.സെസ് 225<br>സേവനനികുതി 1345<br>ആകെ 6051 | ഇളവ് 393<br>വർദ്ധനവ് 20% 1310<br>ആകെ 7467<br>ലൈ.സെസ് 373<br>സേവനനികുതി 2240<br>ആകെ 10080 | |
| 5 | 280ഇ | 74ച.മീ | അടിസ്ഥാന നികുതി 2220<br>ഇളവ് 133.2<br>വർദ്ധനവ് 20% 444<br>ആകെ 2531<br>ലൈ.സെസ് 127<br>സേവനനികുതി 760<br>ആകെ 3418 | അടിസ്ഥാനനികുതി 3700<br>ഇളവ് 222<br>വർദ്ധനവ് 20% 740<br>ആകെ 4218<br>ലൈ.സെസ് 211<br>സേവനനികുതി 1265<br>ആകെ 5694 | 2,276 |
| | | | **ആകെ** | | **14,403** |

പ്രതിവർഷം 14,403/- രൂപ നഷ്ടം വരും വിധം നികുതി നിർണ്ണയിച്ചതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(14/19.12.19) വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥാപനത്തിന്റെ ഓഫീസ് എന്ന നിലയ്ക്കാണ് നികുതി നിർണ്ണയിച്ചത്

എന്ന് അറിയിച്ചു. എന്നാൽ ബാങ്ക് എന്നത് വാണിജ്യസ്ഥാപനം തന്നെ ആയതിനാൽ വാണിജ്യാവശ്യങ്ങൾക്കുള്ളതും 100ച.മീറ്ററിന് മുകളിൽ വരുന്നതുമായ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതായിരുന്നു. നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-8-5 അനധികൃത നിർമ്മാണം-ക്രമവത്കരിക്കാതെ കെട്ടിട നമ്പർ നല്കി

പഞ്ചായത്ത് 16-ാം വാർഡിലുള്ള പ്ലാസിഡ് എഡ്യൂക്കേഷണൽ ട്രസ്റ്റ് ചെയർമാൻ 13.09.2018ൽ നല്കിയ അപേക്ഷ പരിഗണിച്ച് ട്രസ്റ്റിന് കീഴിലുള്ള 4 കെട്ടിടങ്ങൾക്ക് നമ്പർ നല്കി 2013-14 മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം സംബന്ധിച്ച വിവരം | തറവിസ്തീർണ്ണം |
|---|---|---|
| 1 | ക്രിസ്തുജ്യോതി കിന്റർഗാർഡൻ, XVI/542F | 1624.18 ച.മീ |
| 2 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, XVI/542G | 189.56 |
| 3 | ഓഡിറ്റോറിയം, XVI/542H | 809.88 |
| 4 | വിദ്യാജ്യോതി ബോർഡിംഗ്, XVI/542I | 5729.47 |
| | **ആകെ** | **8353.09** |

കംപ്ലീഷൻ പ്ലാനിനൊപ്പം ഹാജരാക്കിയിട്ടുള്ള സി3-11795/12 തീ:12.10.2012 പെർമിറ്റ് പ്രകാരം 965.68 ച.മീ കെട്ടിടം നിർമ്മാണത്തിനുള്ള അനുമതി മാത്രമാണ് പഞ്ചായത്തിൽ നിന്നും നല്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ബാക്കിയുള്ള 7387.41 ച.മീ കെട്ടിടം അനധികൃതനിർമ്മാണമാണെന്ന് കാണുന്നു. പ്രസ്തുത കെട്ടിടം നിയമാനുസൃതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കേണ്ടതും ചട്ടലംഘനം ഇല്ലെങ്കിൽ മൂന്നിരട്ടി ഫീസ് ഈടാക്കി ക്രമവത്കരിച്ചതിന് ശേഷം മാത്രം നമ്പർ നല്കി വസ്തു നികുതി നിർണ്ണയം നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതെ സെക്ഷൻ ക്ലാർക്കിന്റെ പരിശോധനാ റിപ്പോർട്ടിന്റെ മാത്രം

അടിസ്ഥാനത്തിൽ ക്രമവൽകരണം നടത്താതെ തന്നെ വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. വിഷയം പുന:പരിഗണിച്ച് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ചട്ടലംഘനം ഇല്ലാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുകയും നിയമാനുസൃതമുള്ള ഫീസീടാക്കി ക്രമവത്കരിക്കാവുന്നതാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-8-6 കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നതിൽ ജാഗ്രതക്കുറവ്

പഞ്ചായത്ത് പരിധിയിൽ 16 നിലയിലും 10710.32 ച.മീ തറവിസ്തീർണ്ണത്തിലും ഫ്ലാറ്റ് നിർമ്മിക്കുന്നതിന് എറണാകുളം കേന്ദ്രമായുള്ള സൗപർണിക എന്ന കമ്പനി അപേക്ഷിക്കുകയും 6.7.2017 ൽ 18,82,737/- രൂപ ഫീസീടാക്കി സി3-7878 തീ: 6.7.2017 ആയി നിർമ്മാണാനുമതി നല്കുകയും ചെയ്തു. പ്രാരംഭ പ്രവൃത്തികൾ നടന്നു വരവേ ജനകീയ പ്രതിഷേധങ്ങളെ തുടർന്ന് പഞ്ചായത്ത് 11.6.2018 ൽ സ്റ്റോപ് മെമ്മോ നല്കുകയും ചെയ്തു് തുടർന്ന് ടൗൺ പ്ലാനറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. നിലവിൽ കോടതി വ്യവഹാരങ്ങളാൽ പ്രവൃത്തി തടസ്സപ്പെട്ട നിലയിലാണ്. ഇതുപോലുള്ള വൻ കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നല്കുമ്പോൾ നിയമാനുസൃതവും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതായിരുന്നു. നിലവിൽ ഫീസിനത്തിൽ ലഭിച്ച തുകയിലേറെ നിയമ നടപടികളുമായി ബന്ധപ്പെട്ട് ചെലവഴിക്കേണ്ടി വരുന്നതിനാൽ പഞ്ചായത്തിന് ബാധ്യതയായി മാറുന്ന സാഹചര്യമാണ് സംജാതമായിട്ടുള്ളത്.

## 1-9-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷ വർഷം | സ്ഥാപന തൊഴിൽനികുതി ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|
| 1. | നിറനാഴി റോളർ ഫ്ലോർ മിൽ | 2-ാം അർദ്ധവർഷം | 1,250 |
| 2. | തുളസി ഫുഡ്സ് പ്രോസസ്സ് | 2-ാം അർദ്ധവർഷം | 1,250 |
| 3. | ഉദയ ഹോസ്പിറ്റൽ, വാഴപ്പള്ളി | 2-ാം അർദ്ധവർഷം | 1,250 |
| 4. | ചീരഞ്ചിറ കോ-ഓപ്പറേറ്റീവ് ബാങ്ക്-1628 | 2-ാം അർദ്ധവർഷം | 1,250 |
| | **ആകെ** | | **5,000** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-9-2 സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം അനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഇപ്രകാരം ലഭ്യമായ വിവരങ്ങൾ പ്രയോജനപ്പെടുത്തി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി സംബന്ധമായ രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സൊണറ്റ് സെബാസ്റ്റ്യൻ, സിൽവർസ്സൈ ഗ്രൂപ്പ് | 7 |
| 2 | മാത്യു സ്ക്കറിയ പാലത്ര ഡയറി ഫാം വെരൂർ പി.ഒ., ചങ്ങനാശ്ശേരി | 5 |
| 3 | ജോൺസൺ റീഗൽ ഇൻഡസ്ട്രീസ് | 3 |
| 4 | തോമസ് കെ.ജെ., തോംസൺ ഫർണ്ണീച്ചർ മാർട്ട്, കാരയ്ക്കാട്ട്, മാടപ്പള്ളി | 8 |
| 5 | ജോഷി മാത്യു, മാത്യൂസ് &അസോസിയേറ്റ്സ് പുല്ലുക്കാട്ടുപറമ്പിൽ, ചെത്തിപ്പുഴ | 5 |
| 6 | ടിസാ ബെന്നി, എംഎച്ച്എം ഹോം മെയിഡ്സ്, മഞ്ചേരിക്കളം | 6 |
| 7 | സുനിത ജോസഫ്, പി.വി.എഫ് ഫീഡ്സ് ഇൻഡസ്ട്രിയൽ നഗർ | 6 |
| 8 | എലിസബത്ത് സണ്ണി, ശ്രേയ ഗ്യാസ് ഏജൻസി, ചീരഞ്ചിറ, ചങ്ങനാശ്ശേരി | 5 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-10-1 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും

ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിൽ യാതൊരു സ്ഥലവും ഉപയോഗിയ്ക്കാൻ പാടില്ല. എന്നാൽ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും ട്രേഡേഴ്സ് ലിസ്റ്റുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ/ഇല്ലാതെ പ്രവർത്തിയ്ക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | ലൈസൻസ് ആവശ്യമായ സ്ഥാപനത്തിൽ വിൽക്കുന്ന/ നിർമ്മിയ്ക്കന്ന/സ്റ്റോക്ക് ചെയ്യുന്ന സാധനം | വാർഡ് നമ്പർ |
|---|---|---|---|
| 1 | ജോസഫ് സെബാസ്റ്റ്യൻ, നാഗംപറമ്പിൽ, തുരുത്തി | പലചരക്കു കട | 1 |
| 2 | രഞ്ജിത്ത്, വെണ്ടയ്ക്കൽ, തുരുത്തി | പച്ചക്കറി കട | 1 |
| 3 | എം.എസ്.മാത്യു, മുട്ടൻചേരി, തുരുത്തി | പലചരക്കു കട | 1 |
| 4 | ലൈജ തോമസ്, വലിയപറമ്പ്, തുരുത്തി | ഹോട്ടൽ | 2 |
| 5 | ദിനു മോഹൻദാസ്, തകടിയേൽ, തുരുത്തി | ബ്യൂട്ടി പാർലർ | 2 |
| 6 | കുഞ്ഞുമോൻ സക്കറിയ, പുത്തൻപുരയ്ക്കൽ, തുരുത്തി | പലചരക്കു വ്യാപാരം | 2 |
| 7 | സുഗതൻ അനിയൻ, മാങ്ങാട്, തുരുത്തി | പലചരക്കു വ്യാപാരം | 2 |
| 8 | ഹരിദാസ്, നെടുങ്കേൽ, കുമരങ്കേരി | വെൽഡിംഗ് വർക്ക്ഷോപ്പ് | 2 |

| | | | |
|---|---|---|---|
| 9 | രമേശ്, വാലുപറമ്പിൽ, തുരുത്തി | വർക്ക്ഷോപ്പ് | 2 |
| 10 | രതീഷ് കുമാർ, ശ്രീകൃഷ്ണവിലാസം, തുരുത്തി | ഇലക്ട്രിയ്ക്കൽ കട | 2 |
| 11 | രഘൂത്തമ കുറുപ്പ്,<br><br>കാവിൽ കിഴക്കതിൽ, തുരുത്തി | പലചരക്ക് കട | 2 |
| 12 | ടി.മുരുകൻ, വെട്ടിപറമ്പിൽ, തുരുത്തി | ഗോൾഡ് കവറിംഗ് | 2 |
| 14 | എൻ.കെ.ബിജു, മേയേട പറമ്പ്, തുരുത്തി | കോഴിക്കട | 3 |
| 15 | പ്രതാപൻ ആർ., പുതുപ്പറമ്പ്, തുരുത്തി | പലചരക്ക് കട | 3 |
| 16 | ജോയി, പാലത്തിങ്കൽ, തുരുത്ത് | ഹാച്ചറി | 3 |
| 17 | സലികുമാർ എം.എ.,<br><br>മന്നൻപറമ്പിൽ, പാലത്രച്ചിറ | സെന്റ് ആന്റണീസ് സോമിൽ | 4 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവരിൽ നിന്നും ലൈസൻസ് ചട്ടങ്ങൾ പ്രകാരം പിഴ ഈടാക്കി ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-2 പുതുക്കിയ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ്) നൽകൽ ചട്ടങ്ങൾക്ക് സർക്കാർ 31.10.2017ലെ 80/2017/തസ്വഭവ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. ഇതനുസരിച്ച് 01.11.2017 മുതൽ പുതുക്കിയ ചട്ടപ്രകാരം സംരംഭക സ്ഥാപനങ്ങൾക്കും ഇതര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകണമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019 ഡിസംബർ മാസമായിട്ടും പുതിയ ചട്ടങ്ങൾ നടപ്പാക്കിയിട്ടില്ല. 2018-19സാമ്പത്തിക വർഷം പഴയ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ വിറ്റുവരവിനനുസരിച്ചാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. സംരംഭകപ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് സംബന്ധിച്ച് 31.10.2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-11-1 ദിവസവേതനാടിസ്ഥാനത്തിൽ നിയമനം - ഉത്തരവുകൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ച് ജോലികൾ ചെയ്യുന്നതായും വേതനം നല്കി വരുന്നതായും കാണുന്നു. ഉത്തരവുകൾ പാലിക്കാതെ ഇത്തരത്തിൽ നിയമനം നടത്തി തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/21.12.2019)മറുപടി ലഭിച്ചിട്ടില്ല. ദിവസ വേതനാടിസ്ഥാനത്തിൽ ഓഡിറ്റ് വർഷത്തിൽ പൂർണ്ണമായും ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചതായി കാണുന്നു. ധനകാര്യ (വ്യയം -സി) വകുപ്പിൽ നിന്നുള്ള 11.1.19 ലെ 3/2019/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്നും തുടർച്ചയായി 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായി ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ടതാണ്.

### 1-11-2 രേഖകൾ ഹാജരാക്കാതെ തുക നല്കി - ചെലവ് തടസ്സപ്പെടുത്തുന്നു

മതിയായ രേഖകളില്ലാതെ ഓഡിറ്റ് കാലയളവിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) വൗച്ചർ നം.21800187/02.07.18 പ്രകാരം നോട്ടീസ് പ്രിന്റിംഗ് ചാർജ്ജിനത്തിൽ 4,200/- രൂപ മെഡിക്കൽ

ഓഫീസർ, പി.എച്ച്.സി.യ്ക്ക് നല്കിയിട്ടുണ്ട്. നോട്ടീസ് പ്രിന്റ് ചെയ്ത സ്ഥാപനത്തിന്റെ ബിൽ, കൈപ്പറ്റ് രസീത് എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വൗച്ചർ നം.21800114/23.05.18 പ്രകാരം വിവേകാനന്ദ എൽ.പി.സ്ക്കൂളിലെ (പാറാളി) ഗേറ്റ് മെയിന്റനൻസിനായി ഹെഡ്മാസ്റ്റർ 4,750/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ഗേറ്റ് മെയിന്റനൻസ് ചെയ്ത സ്ഥാപനത്തിന്റെ ബിൽ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/21.12.2019) മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാതെ നല്കിയ ആകെ തുകയായ 8,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11-3 വിമുക്തി- ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി - ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് തുക കൈമാറിയില്ല

വിമുക്തി- ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ 3 സ്ക്കൂളുകളിൽ ക്ലാസ്സ് എടുത്തതിന് ശ്രീ.അരുൺ അപ്പുക്കുട്ടൻ എന്ന വ്യക്തിക്ക് ഹോണറേറിയം ഇനത്തിൽ നൽകിയ 7,500/- രൂപ, വൗച്ചർ നം.21801114/23.03.19 പ്രകാരം ശ്രീമതി അലീന ജോസഫ്, സർഗ്ഗക്ഷേത്ര എന്ന വ്യക്തിക്ക് നല്കി. ഇപ്രകാരം ഒരു പരിപാടി നടത്തുന്നതിന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കാതെ ശ്രീമതി അലീന ജോസഫിനെ നിയമിച്ചതിനുള്ള കാരണം വ്യക്തമല്ല. പരിപാടിയുടെ ഹാജർ വിവരം, സ്കൂളുകളിൽ പരിപാടിനടന്നുവെന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകരിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/21.12.2019) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 7,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11-4 മോട്ടോർ റിപ്പയറിംഗ് ചാർജ്ജ് - പാടശേഖര സമിതി പ്രസിഡന്റിന് നല്കി

വൗച്ചർ നം.21801184/27.03.19 പ്രകാരം പഞ്ചായത്തിലെ 5-ാം വാർഡിലെ പട്ടിത്താനം വടക്കേകര പാടശേഖര സമിതിക്ക് കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ലഭ്യമായ പെട്ടി പറ എന്നിവയക്കൊപ്പമുള്ള 30HP motor (slip ring motor) റിപ്പയർ ചെയ്തതിന്റെ ചാർജ്ജ് ആയി 5,000 രൂപ

പാടശേഖര സമിതി പ്രസിഡന്റിന് നല്കിയിട്ടുണ്ട്. പാടശേഖരസമിതിക്ക് കൈമാറിയ പെട്ടി, പറ, മോട്ടോർ എന്നിവയുടെ തകരാർ പരിഹരിക്കുക എന്നത് പാടശേഖരസമിതിയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ ഇപ്രകാരം തുക നല്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/21.12.2019) മറുപടി ലഭിച്ചിട്ടില്ല. 5,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-11-5 ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ (കരാർ വ്യവസ്ഥയിൽ) സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ഷെഹന ഷാനവാസിന് 2018-19 വർഷം 20 ആർജ്ജിതാവധികൾ സറണ്ടർ ചെയ്ത് തുക നല്കിയിട്ടുണ്ട്(വൗച്ചർ നം.21801161/26.03.19 തുക-15,000). പ്രസ്തുത ജീവനക്കാരിയുടെ സേവനപുസ്തകം പരിശോധിച്ചതിൽ, ആർജ്ജിതാവധി വിവരങ്ങൾ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയുമാണ് ആർജിജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ടി അപാകത മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും അവധി വിവരങ്ങൾ രേഖപ്പെടുത്താതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത് ശരിയായ നടപടിയല്ല. കരാർ വ്യവസ്ഥയിലുള്ള ജീവനക്കാർക്ക് ഒരു വർഷം ക്രെഡിറ്റിൽ വരാവുന്ന ആർജ്ജിതാവധി 15 എണ്ണം മാത്രമാണ്(KSR, APP.VIII). ഇത് അധികരിച്ചുള്ള അവധി സറണ്ടർ ചെയ്യപ്പെട്ട സാഹചര്യം വ്യക്തമല്ല. ഈ സാഹചര്യത്തിൽ ആർജ്ജിതാവധി സറണ്ടർ തുകയായ 15,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11-6 ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായും പുതിയ വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായും ഗ്രാമപഞ്ചായത്ത് തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ 9,29,986/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 9/18-19 | 15,00,000 | 4,30,306 |
| 2 | 186/18-19 | 4,00,000 | 4,00,000 |
| 3 | 234/18-19 | 99,990 | 99,680 |
| | **ആകെ** | **19,99,990** | **9,29,986** |

ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെയും പോസ്റ്റ്നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചെയ്തിട്ടില്ല.

3) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുമതി വാങ്ങിയിട്ടില്ല.

4) തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവം മൂലം പുതിയ തെരുവുവിളക്കുകൾ വാങ്ങുന്നതിന്റെയും പഴയ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുടെയും ആവശ്യകതയും കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പട്ട പ്രോജക്ടുകളുടെ മേൽനിരീക്ഷണവും തുടർമോണിറ്ററിംഗും ശക്തമാക്കുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നതിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11-7 വിവിധ ഏജൻസികളിലേക്ക് തുകകൾ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കരാറിൽ ഏർപ്പെടുന്നില്ല

തൻവർഷം വിവിധ സർക്കാർ ഏജൻസികൾ/വകുപ്പുകളിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക | ഫണ്ട് | നിർവ്വഹണ ഏജൻസി/ സ്ഥാപനം | വൗച്ചർ നം./ബിൽ നം. |
|---|---|---|---|---|
| വിവിധ വാർഡുകളിലെ അങ്കണവാടികൾക്ക് പൈപ്പ് കണക്ഷൻ 152/19 | 1,21,050<br>3,25,950 | വികസന ഫണ്ട്<br>തനത് ഫണ്ട് | വാട്ടർ അതോറിറ്റി, തിരുവല്ല | 38/18.1.19<br>21800807/16.1.19 |
| മൃഗാശുപത്രിക്ക് പൈപ്പ് കണക്ഷൻ 153/19 | 50,000 | വികസന ഫണ്ട് | വാട്ടർ അതോറിറ്റി, തിരുവല്ല | 37/18.1.19 |
| പാറയിൽ കുടിവെള്ള പദ്ധതി 162/19 | 80,000 | വികസന ഫണ്ട് | വാട്ടർ അതോറിറ്റി, തിരുവല്ല | 25/28.11.18 |
| വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ 167/19 | 18,50,000 | 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റി, തിരുവല്ല | 1/24.5.18 |
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ 165/19 | 4,97,300 (3,86,200+<br>1,11,100) | 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി | 3/18.5.18<br>46/17.3.19 |

| | | | | |
|---|---|---|---|---|
| പട്ടികജാതി കോളനിയിലേയ്ക്ക് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ 168/19 | 1,30,000 | വികസനഫണ്ട് എസ്.സി.പി. | വാട്ടർ അതോറിറ്റി, തിരുവല്ല | 1/18-19, 24.05.18(അസിസ്റ്റന്റ് സെക്രട്ടറി) |
| | **30,54,300** | | | |

എന്നാൽ ടി ഏജൻസികൾക്ക് പ്രോജക്ടുകൾക്കായി തുകകൾ ഡെപ്പോസിറ്റ് ചെയ്തപ്പോൾ ടി ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. ടി പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 30,54,300 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഏജൻസികളുമായി കൃത്യമായി കരാറിൽ ഏർപ്പെടേണ്ടതും പൂർത്തീകരണത്തിനു ശേഷം വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-11-8 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലെ കണക്കുകളിൽ അവ്യക്തത

പഞ്ചായത്തിൽ 283 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,23,813 രൂപ അടവു വരുന്നുണ്ട്. വെള്ളക്കരം അടവാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തി പ്രോജക്ട് പ്രകാരം തുക അടവാക്കുകയുമാണ് ചെയ്ത് പോരുന്നത്. പ്രോജക്ട് പ്രകാരം തുക അടവാക്കുന്നതു മൂലം അതാത് മാസത്തെ ഡിമാന്റ് തുക അടവാക്കുന്നതിൽ താമസം നേരിടുകയും ആയതിന് ഫൈൻ ഒടുക്കേണ്ടി വരികയും ചെയ്യുന്നു. വാട്ടർ അതോറിറ്റിയുടെ എപ്രിൽ 2018 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.3.18 വരെ 2,80,248 രൂപ കുടിശ്ശികയുള്ളതായും 5,544 രൂപ ടി കുടിശ്ശികയുടെ പിഴയായി അടക്കാനുള്ളതായും കാണുന്നു. മാർച്ച് 2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 4,84,272 രൂപയായും പിഴ 9,546 രൂപയായും വർദ്ധിച്ചതായി കാണുന്നു. വികസന ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്നും 63,344 രൂപ (പ്രോജക്ട് നം.266/19) പ്രകാരം കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റിയിൽ സ്രോതസ്സിലുള്ള കിഴിവ് വഴി അടച്ചിട്ടുണ്ട്. ടി തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല. പിഴയിനത്തിൽ നിലവിലും തുക അവശേഷിക്കുന്നുണ്ട്. വെള്ളക്കരമിനത്തിൽ ഇപ്രകാരം കുടിശ്ശികയും പിഴയുമുണ്ടാകുവാനുമുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.5/18.12.19) അടവാക്കുന്ന തുക

ഡിമാന്റിൽ നിന്നും കുറവ് ചെയ്യാത്തതാണ് കുടിശ്ശികയ്ക്ക് കാരണമാകുന്നതെന്നും വാട്ടർ അതോറിറ്റിയിൽ നേരിട്ട് പോയി കണക്കുകളിൽ കൃത്യത വരുത്തുന്നതാണെന്നും മറുപടി നല്കി.

തനതുഫണ്ട് ഉള്ള പഞ്ചായത്തായതിനാൽ തനതുഫണ്ട് വിനിയോഗിച്ച് വെള്ളക്കരം അടവാക്കുന്നതിനു പകരം ഇപ്രകാരം മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) വിനിയോഗിച്ച് വെള്ളക്കരം അടവാക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയതിനാൽ അതാത് മാസത്തെ ഡിമാന്റ് തുക കൃത്യമായി തനത് ഫണ്ടിൽ നിന്നും അടവാക്കേണ്ടതും ഫൈൻ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക കണക്കുകളിലെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

സമീപ വർഷങ്ങളിൽ ടാപ്പുകളുടെ സംയുക്ത പരിശോധന വാട്ടർ അതോറ്റിയുമായി നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 1-12 വലിയകുളം പുറമ്പോക്ക് ഭൂമിയുടെ അവകാശത്തർക്കം-ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടി-അനിവാര്യം

പഞ്ചായത്തിന്റെ 13-ാം വാർഡിൽപെട്ട, ചങ്ങനാശ്ശേരി താലൂക്കിൽ ചെത്തിപ്പുഴ വില്ലേജിൽ പഴയ സർവെ 122/12, റീസർവെ ബ്ലോക്ക് നം.3ൽ 515/12, 515/13 എന്നിവയിലുൾപ്പെട്ട 82 സെന്റ് സ്ഥലമാണ് കുളം പുറമ്പോക്ക് എന്ന പേരിലുള്ളത്. മുൻപുണ്ടായിരുന്ന കുളവും അനുബന്ധഭൂമിയും ചേർന്ന പുറമ്പോക്ക് 1960 ലെ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 82 പ്രകാരവും, 1994 കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218 പ്രകാരവും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതാണെന്ന പഞ്ചായത്തിന്റെ വാദം അംഗീകരിച്ചില്ല. പഞ്ചായത്തിന്റെ അറിവില്ലാതെ തന്നെ കേരളാ റവന്യൂ വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ 48.5 സെന്റ് സ്ഥലം ചങ്ങനാശ്ശേരി മെറ്റൽ &അലൈഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം എന്ന ഒരു സ്ഥാപനത്തിന് കുത്തകപ്പാട്ടമായി 12 വർഷത്തേക്ക് അനുവദിച്ചു. 31.5.1973 ൽ കുത്തകപ്പാട്ട കാലാവധി അവസാനിച്ച ശേഷം സ്ഥലം പതിച്ചുനല്കണമെന്നാവശ്യപ്പെട്ട് സംഘം തഹസിൽദാരെ സമീപിച്ചെങ്കിലും അനുവദിക്കാതെ സെന്റ് ഒന്നിന് 1,500/-രൂപ വച്ച് 1.6.1973 മുതൽ കുത്തകപ്പാട്ടം അടയ്ക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ കുത്തകപ്പാട്ടം അടയ്ക്കാതെ സ്ഥലം അനധികൃതമായി കൈവശം വച്ചതിനെ തുടർന്ന് സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും കുത്തകപ്പാട്ട

വ്യവസ്ഥകൾ ലംഘിച്ചതിനാൽ സ്ഥലം ഒഴിയണമെന്നും, 1.6.1973 മുതലുള്ള കുത്തകതുക അടയ്ക്കണമെന്നും ചങ്ങനാശ്ശേരി തഹസിൽദാർ ആവശ്യപ്പെട്ടതിനെതുടർന്ന് കേരളാ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും മതിയായ തെളിവുകൾ ഹാജരാക്കാത്തതിനാൽ കേസ് കോടതി തള്ളുകയും ചെയ്തതായി പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു(ഇത് സംബന്ധിച്ച ഫയൽ ലഭ്യമായില്ല). തുടർന്നും ഹൈക്കോടതിയിലെ നിരന്തരമായ കേസുകളുടെ മറവിൽ പ്രസ്തുത സംഘം സ്ഥലം അനധികൃതമായി കൈവശം വെയ്ക്കുന്നത് തുടരുകയും റവന്യൂവകുപ്പിന്റെയും കൂടി മൗനാനുവാദത്തോടെ വസ്തുവിൽ നിലനിന്ന കുളം നികത്തി താല്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് ഒരു തടിമില്ല്, ലോറി വർക്ക് ഷോപ്പ്, ലെയ്ത്ത്, കാർപെന്ററി യൂണിറ്റ് എന്നിവ നടത്തുന്നതിന് സംഘാംഗങ്ങളല്ലാത്തവർക്ക് വാടകയ്ക്ക് നല്കിയിരിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 48.5 സെന്റിൽ നിന്ന് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് നല്കിയ 10 സെന്റ്, കൃഷി വകുപ്പിന് അലോട്ട് ചെയ്ത 10 സെന്റ്, റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നഷ്ടപ്പെട്ട 4.5 സെന്റ് എന്നിവ കുറവ് ചെയ്ത് 24 സെന്റ് സ്ഥലം സംഘം കൈവശപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള 82 സെന്റ് കുളം പുറമ്പോക്ക് വസ്തുവിൽ മേൽ പ്രസ്താവിച്ച 48.5 സെന്റ് കിഴിച്ചുള്ള 33.5 സെന്റ് സ്ഥലം ജോർജ് പന്തല്ലൂർ, ഐ.ഇ നഗർ പി.ഒ., ചങ്ങനാശ്ശേരി എന്നയാളുടെ അനധികൃത കൈവശവുമാണെന്ന് മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹൈക്കോടതിയുടെ 5.12.2018 ലെ WP(C)21195/2013 നം.കേസിലെ വിധിയിലൂടെ പഞ്ചായത്തിന്റെ അവകാശം കോടതി തള്ളിയിരിക്കുകയാണ്. ഇതിനെതിരെ 10.1.2019 ൽ 742/19 ആയി അപ്പീൽ ഫയൽ ചെയ്തതായി ഓഡിറ്റ് എൻക്വയറിക്ക് (നം.4)മറുപടിയായി അറിയിച്ചു.

കൂടാതെ പഞ്ചായത്ത് ഭൂമിയിലെ കൈയേറ്റം ഒഴിപ്പിച്ച് മെറ്റൽ & അലൈഡ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മണ്ണിട്ട് മൂടിയ കുളം പൂർവ്വസ്ഥിതിയിലാക്കി തദ്ദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക, നടപ്പാത സജ്ജീകരിക്കുക എന്നിങ്ങനെ പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സാധ്യമാകുംവിധം കുളം പുറമ്പോക്ക് ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് കേരള നിയമസഭ പെറ്റീഷൻസ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനമെടുക്കുകയും നിയമസഭാസെക്രട്ടറിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

പൊതുസ്ഥലം സ്വകാര്യവ്യക്തികളുൾപ്പെടെയുള്ളവരുടെ കൈയേറ്റങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനും പൊതുജനക്ഷേമത്തിനുതകുംവിധമുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സർക്കാർ വകുപ്പുകൾ പോലും വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലായെന്നാണ്

വലിയകുളം പുറമ്പോക്ക് ഭൂമിയുമായി ബന്ധപ്പെട്ട കൈയേറ്റങ്ങളും, അനധികൃതമായ ഭൂമികൈവശം വെയ്ക്കലും അനുബന്ധ കോടതി വ്യവഹാരങ്ങളും വെളിപ്പെടുത്തുന്നത്. സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും ഇത്തരം സംഗതികളിൽ പ്രധാനമാണ്. തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ വിലയേറിയ ഭൂമി അന്യാധീനപ്പെടുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 120/19 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ബിൽ നം. | 5/13.10.18,11/5.2.19 |

പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് മരുന്നുകൾ വാങ്ങുന്നതിനായി 3,00,000 രൂപ നല്കിയതിൽ 79,782 രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | PRF 1334/22.9.18 | എണ്ണം |
|---|---|---|
| 1 | Doxycycline -50mg | 1000 |
| 2 | Candid cream 30gm | 700 |
| 3 | Ranitin 150mg | 15072 |
| 4 | Diclofenac gel 30gm | 150 |
| 5 | Azithromycin 500mg | 100 |

| | | |
|---|---|---|
| 6 | Budecort 100 | 85 |
| 7 | PRF 3855/12.1.19 | |
| 8 | Diclofenac gel | 250 |

മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 79,782 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14-1 മൃഗസംരക്ഷണം-പോത്തുകുട്ടി വളർത്തൽ-നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പോത്തുകുട്ടി വളർത്തൽ, 239/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | വികസനഫണ്ട് 3,00,000/-(3,00,000/-രൂപ ഗുണഭോക്തൃവിഹിതം) |
| ചെലവ് | 3,00,000/-(വികസനഫണ്ട്)+3,00,000/-(ഗുണഭോക്തൃവിഹിതം) |

പദ്ധതി നിർവ്വഹണത്തിൽ 50 പോത്തിൻ കുട്ടികളെ വിതരണം ചെയ്യുന്നതിന് വികസനഫണ്ടിൽ നിന്നും 3 ലക്ഷം രൂപ പിൻവലിച്ച് രാജു ജോസഫ് എന്നയാളുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ഉരുക്കളെ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ രാജു ജോസഫ്, വിംഗ്സ് സെൽഫ് ഹെൽപ് ഗ്രൂപ്പ് അംഗീകൃത ഫാം അല്ലെന്നിരിക്കെ പ്രോക്യുവർമെന്റ് ചട്ടങ്ങൾ പാലിക്കാതെ ഉരുക്കളെ വിതരണം ചെയ്യുന്നതിന് ഏൽപ്പിച്ചത് നിയമാനുസൃതമല്ല. കൂടാതെ പരമാവധി തുകയായ 12,000/- (യൂണിറ്റ് നിരക്ക്) വീതം നല്കുന്നതിന് മുൻപ് കുറഞ്ഞ നിരക്കിൽ ലഭിക്കാനുള്ള സാധ്യത പരിശോധിച്ചില്ല. മേൽ പറഞ്ഞ അപാകതകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് മറുപടിയായി പഞ്ചായത്തുമായി കരാർ വെച്ചതിനാലാണ് രാജു ജോസഫിനെ എൽപ്പിച്ചത് എന്ന് മറുപടി നല്കി. ഏജൻസിയിൽ നിന്നും വാങ്ങുമ്പോൾ ടെണ്ടർ

നടപടികൾ സ്വീകരിക്കാതിരുന്നതു മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-14-2 മൃഗസംരക്ഷണമേഖല-പശുവളർത്തൽ-നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പശുവളർത്തൽ(ലോൺലിങ്ക്ഡ്), 012/2018-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | വികസനഫണ്ട് 82,500/-(82,500/-രൂപ ഗുണ.വിഹിതം ലോൺ) |
| ചെലവ് | 82,500/-(വികസനഫണ്ട്) |

മൃഗസംരക്ഷണ മേഖലയിൽ പശുവളർത്തലിന് 30 ഗുണഭോക്താക്കൾക്ക് 27,500/- രൂപ വീതം സബ്സിഡിയായി വികസനഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. 55,000/- രൂപ യൂണിറ്റ് ചെലവ് വരുന്ന പദ്ധതിയിൽ പകുതി തുക സബ്സിഡിയായി ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് നല്കുകയാണ് ചെയ്യുന്നത്. പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- വ്യക്തിഗത ഫയലുകൾ പരിശോധിച്ചതിൽ മിക്ക ഫയലുകളിലും ഗുണഭോക്താവിന്റെ അപേക്ഷ, പശുവിനെ ലഭിച്ചതിന്റെ കൈപ്പറ്റ് രസീത്, ഗുണഭോക്തൃസമിതി പശുവിനെ വാങ്ങുകയും ഗുണഭോക്താവിന് നല്കുകയും ചെയ്ത വിവരങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.
- ഗുണഭോക്താക്കൾക്ക് ഉരുക്കളെ വിറ്റയാളിന്റെ വിവരം ലഭ്യമല്ല.
- ഗുണഭോക്താക്കൾ സബ്സിഡി തുക വിനിയോഗിച്ച് പുതിയ പശുക്കളെ വാങ്ങിയതിന് തെളിവില്ല. ഉദാഹരണത്തിന് 5.2.2019 ൽ 55,000/- ബാങ്ക് ലോൺ ലഭിച്ച കൊച്ചു ത്രേസ്യ എന്ന ഗുണഭോക്താവ് ഉരുവിനെ ഇൻഷ്വർ ചെയ്തിരിക്കുന്നത് 31.01.2019 ലാണ്. സബ്സിഡി തുക അക്കൗണ്ടിലേക്ക് നല്കിയതാകട്ടെ 12.02.2019 ലാണ്.

- 30 ഗുണഭോക്താക്കളും വാങ്ങിയ ഉരുവിന് 55,000/- രൂപ വില കണക്കാക്കി സബ്സിഡി നല്കിയത് യുക്തി സഹമല്ല .
- ഉരുവിനെ കൈപ്പറ്റി ഇൻഷ്വർ ചെയ്തതിന് ശേഷം മാത്രമാണ് സബ്സിഡി തുക നല്കുന്നത് എന്നിരിക്കെ ചില ബാങ്കുകൾ സബ്സിഡി കിഴിച്ചുള്ള തുക ലോണായി അനുവദിക്കുയാണ് ചെയ്തിട്ടുള്ളത്. ഇവർക്ക് സബ്സിഡി തുക കൂടി ലഭിച്ചാൽ മാത്രമേ ഉരുവിനെ വാങ്ങാൻ കഴിയൂ എന്നിരിക്കെ നടപടി ക്രമം മറികടന്ന് സബ്സിഡി തുക അനുവദിച്ചു എന്ന് കരുതേണ്ടിയിരിക്കുന്നു(ഉദാ ഷീബാ ജോസിന് ഫെഡറൽ ബാങ്കിൽ നിന്നും 37,500/- രൂപയാണ് ലോൺ അനുവദിച്ചത്).
- തുടർ മോണിറ്ററിംഗ് നടത്തുന്നില്ല.

മേൽ പറഞ്ഞ അപാകതകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ബാങ്കിൽ സമർപ്പിച്ചാണ് ലോൺ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത് ഫണ്ട് ഉപയോഗിച്ച് സബ്സിഡി നല്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമാണ് ചെലവ് നടന്നത് എന്ന് തെളിയിക്കുന്നതിനാവശ്യമായ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. വിഷയം ഭരണസമിതി പരിഗണിക്കേണ്ടതാണ്.

## 1-15-1 പ്രോജക്ടിന് വിരുദ്ധമായി ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ടിഷ്യു കൾച്ചർ വാഴ വിതരണം, 0088/2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,62,500/- വികസനഫണ്ട് (സാധാരണവിഹിതം) |
| ചെലവ് | 2,62,500/- |

ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട 420 ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയോടെ 25 ടിഷ്യു കൾച്ചർ വാഴ വിത്ത് അടങ്ങുന്ന 1 യൂണിറ്റ് വീതം നല്കുകയായിരുന്നു പ്രോജക്ട്. യൂണിറ്റിന് 625 രൂപ പ്രകാരം

(വിത്ത് ഒന്നിന് 25 രൂപ നിരക്കിൽ) 420 യൂണിറ്റിനായി 2,62,500/- രൂപ വകയിരുത്തുകയും പന്തളം ഷുഗർകെയിൻ സീഡ് ഫാമിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. 27.12.2018 ലെ ഇ-മെയിലിന്റെ (സപ്ലൈ ഓർഡർ)അടിസ്ഥാനത്തിൽ സ്ഥാപനം 17500 വിത്തുകൾ 15 രൂപ നിരക്കിൽ 2,62,500/- രൂപക്ക് 7.1.2019 ൽ വിതരണത്തിന് കൃഷിഭവനിൽ എത്തിക്കുകയും ലഭിച്ച വാഴവിത്തുകൾ 284 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തതായി രജിസ്റ്റർ പ്രകാരം കാണുന്നു.

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ട് പ്രകാരം 420 ഗുണഭോക്താക്കൾക്കായി 25 വിത്ത് പ്രകാരം 10500 വിത്തുകൾ മാത്രം മതിയെന്നിരിക്കെ 17500 വിത്തുകൾ വാങ്ങിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നം ഉണ്ടായ പിഴവാണ്. ഇത്തരത്തിൽ ആവശ്യത്തിലധികം വിത്തുകൾ വാങ്ങിയതു മൂലം ഗുണഭോക്താക്കൾ ഇല്ലാതെ വരികയും പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പത്രപരസ്യത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുകയുമാണ് ചെയ്തത്. അംഗീകൃത പ്രോജക്ട് പ്രകാരം 420 ഗുണഭോക്താക്കൾ ഉണ്ടായിട്ടും 284 പേർ മാത്രം ആവശ്യക്കാരായി വന്നത് പ്രോജക്ടിന്റെ അസ്വീകാര്യതയാണ് വെളിവാക്കുന്നത്. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ച് ആവശ്യത്തിലധികം വിത്തുകൾ വാങ്ങി പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി വിത്ത് വിതരണം ചെയ്തതിനും പദ്ധതിരൂപീകരണ മാർഗ്ഗരേഖക്ക് വിരുദ്ധമായി പത്രപരസ്യത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തിയതിനുമുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.11/19.12.19) പ്രളയം കാരണം കൃഷി നാശം വന്നവർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും പദ്ധതി ഫലപ്രദമായിരുന്നു എന്നും മറുപടി നല്കി. വാങ്ങലുകൾ ആവശ്യാധിഷ്ഠിതമാണെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 1-15-2 ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | വാഴവിത്ത് വിതരണം, 0089/2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1,18,125/- വികസനഫണ്ട് (സാധാരണവിഹിതം) |
| ചെലവ് | 1,18,125/- |

ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട 315 ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയോടെ 20 വാഴ വിത്ത് അടങ്ങുന്ന 1 യൂണിറ്റ് വീതം നല്കുകയായിരുന്നു പ്രോജക്ട്. വിത്ത് ഒന്നിന് 18.75 രൂപ നിരക്കിൽ 315 ഗുണഭോക്താക്കൾക്ക് 6300 വിത്തിനായി 1,18,125/- രൂപ വകയിരുത്തുകയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. 18.12.2018 സ്ഥാപനം 6300 വിത്തുകൾ വിതരണത്തിന് കൃഷിഭവനിൽ എത്തിക്കുകയും ലഭിച്ച വാഴവിത്തുകൾ 133 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തതായി രജിസ്റ്റർ പ്രകാരം കാണുന്നു.

ആവശ്യകതക്ക് അനുസരിച്ച് ഘട്ടങ്ങളായി വിത്ത് വാങ്ങാത്തതു മൂലം ഗുണഭോക്താക്കൾ ഇല്ലാതെ വരികയും പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പത്രപരസ്യത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുകയുമാണ് ചെയ്തത്. അംഗീകൃത പ്രോജക്ട് പ്രകാരം തയ്യാറായി വന്ന 133 ഗുണഭോക്താക്കൾക്ക് 20 വിത്ത് പ്രകാരം 2660 വിത്ത് നല്കുകയായിരുന്നു എങ്കിൽ 49,875 രൂപ മാത്രമേ ചെലവ് ഉണ്ടാകുമായിരുന്നുള്ളൂ. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ച് ആവശ്യത്തിലധികം വിത്തുകൾ വാങ്ങി പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി വിതരണം ചെയ്തതിനും പദ്ധതിരൂപീകരണ മാർഗ്ഗരേഖക്ക് വിരുദ്ധമായി പത്രപരസ്യത്തിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തിയതിനുമുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.8/19.12.19) പദ്ധതി ഫലപ്രദമായി നടപ്പിലാക്കി എന്ന് മറുപടി നല്കിയിട്ടുണ്ട്. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും അപാകതകൾ ഉണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16-1 യഥാസമയം കരാർ വെയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതും സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തവർക്ക് തുടർന്നുള്ള 10 ദിവസം പി.എ.സി.യുടെ 1% പിഴ ഈടാക്കി കരാർ വയ്ക്കുന്നതിന് അനുമതി നല്കാവുന്നതാണ്. 79/2019 നമ്പർ പ്രോജക്ട് പ്രകാരമുള്ള ക്രിസ്തുജ്യോതി-വക്കച്ചൻപടി റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുത്ത കരാറുകാരനായ ലിനു ജോബിന് 28.9.2018 ൽ അയച്ച സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ വെക്കേണ്ടത് 12.10.2018 വരെയായിരുന്നു. തുടർന്ന് 21.10.2018 വരെ 1% പിഴയായ 7,000/-രൂപ ഈടാക്കി കരാർ വക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ 05.11.2018 ൽ മാത്രമാണ് ഇയാൾ 01/AE/LSGD/VPLY/18-19 കരാർ വെച്ചിട്ടുള്ളത്. പിഴ ഈടാക്കാതെ കരാർ വെയ്ക്കുന്നതിന് അനുമതി

നല്കിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16-2 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

ചീരഞ്ചിറ സ്കൂൾ സ്റ്റോർ നിർമ്മാണം എന്ന പ്രവൃത്തി (പ്രോജക്ട് നം.178/19) ഏറ്റെടുത്ത റ്റി.റ്റി.സെബാസ്റ്റ്യൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ 8.2.17 ൽ കരാർ വെച്ച് സൈറ്റ് ഏറ്റെടുത്തിരുന്നു. 2 ലക്ഷം അടങ്കലുള്ള (ചെലവ് 1,01,936/-)പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം സാങ്കേതിക അനുമതി പ്രകാരം 7 മാസമായിരുന്നു. ഇതു പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 7.9.2017ൽ ആയിരുന്നു. അളവു പുസ്തക പ്രകാരം പൂർത്തീകരിച്ചിട്ടുള്ളത് 28.3.2018 ലാണ്. കരാർ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസം പി.എ.സി.യുടെ 1% പിഴയും തുടർന്ന് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കാവുന്നതാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൈറ്റ് ഏറ്റെടുത്ത തീയതി | 8.2.2017 | |
| പൂർത്തീകരിക്കേണ്ട തീയതി | 7.9.2017 | |
| തുടർന്ന് 3 മാസം 1% പിഴയോടെ | 6.12.2017 | 2,000 |
| തുടർന്ന് 3 മാസം 2% പിഴയോടെ | 5.03.2018 | 4,000 |
| തുടർന്ന് 3 മാസം 2% വിഴയോടെ | 28.03.2018 | 4,000 |
| **ആകെ ഈടാക്കേണ്ട പിഴ** | | **10,000/-** |

നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16-3 പദ്ധതി നിർവ്വഹണത്തിൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമായില്ല -വൻ തുക നഷ്ടം

2018-19 വാർഷിക പദ്ധതിയുടെ ആദ്യപാദങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമാകാത്തതിനാൽ പദ്ധതിച്ചെലവിൽ വൻ കുറവ് ഉണ്ടായിട്ടുണ്ട്. 2018-19 ലെ പുതിയ പ്രോജക്ടുകളിൽ 31.5.2018 മുതൽ 28.06.2018 വരെ 66 മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചെങ്കിലും ആദ്യ ടെണ്ടർ തുറന്നത് 19.7.2018ലും എഗ്രിമെന്റ് വെച്ചത് 5.11.2018ലും മാത്രമാണ് (ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരങ്ങൾ). പൊതുമരാമത്ത് മാന്വൽ 2009.5 പ്രകാരം കരാറുകാരൻ കാട്ടി ചെയ്ത നിരക്കിന്റെ പ്രാബല്യകാലം (Firm period) ടെണ്ടർ തുറന്ന തീയതി മുതൽ സെലക്ഷൻ നോട്ടീസ് അയക്കുന്നത് വരെയുള്ള കാലയളവാണ്, ഇത് 2 മാസത്തിൽ കൂടാൻ പാടില്ല. ടെണ്ടർ തുറന്ന ശേഷം തുടർ നടപടികൾ 4 മാസം വരെ നീണ്ടു പോയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ഭാഗത്തുണ്ടായ വീഴ്ചയാണ്. ഇതു മൂലം പദ്ധതിച്ചെലവിലും ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് | 6,78,800 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,23,39,000 | 46,84,548 | 37.48 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 21,80,000 | 0 | 0 |
| തനത് ഫണ്ട് | 25,16,953 | 5,17,876 | 20.57 |
| സംരക്ഷണഗ്രാന്റ് റോഡ് | 76,02,000 | 27,40,738 | 36.05 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 34,00,000 | 6,20,388 | 18.24 |

(സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഈ തുക കൂടി ഉൾപ്പെടുത്തിയാണ് അടങ്കൽ കണക്കാക്കിയിരിക്കുന്നത്).

ആദ്യ പാദങ്ങളിൽ പദ്ധതി നിർവ്വഹണം നടക്കാതെ വരുകയും അവസാന പാദത്തിൽ ചെയ്ത 28 പ്രവൃത്തികളുടേതായി 40.65 ലക്ഷം രൂപയുടെ ബില്ലുകൾ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ ട്രഷറിയിൽ സമർപ്പിക്കുകയും ആയവ ക്യൂ ബില്ലായി പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും നല്കുകയും ചെയ്തതു മൂലം പഞ്ചായത്തിന് ഈ തുകയും നടപ്പ് വർഷം നഷ്ടപ്പെട്ടു. 130 പ്രോജക്ടുകൾ (സ്പിൽ ഓവർഉൾപ്പെടെ) അംഗീകാരം ലഭിച്ചവയിൽ 44 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കാനായത്(അവസാന സമയത്ത് പൂർത്തീകരിച്ച 28 പ്രവൃത്തികൾ പുറമേ). പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ |
|---|---|---|
| സ്പിൽ ഓവർ | 30 | 24 |
| പുതിയത് | 100 | 20 |
| | 130 | 44 |

പദ്ധതി നടത്തിപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമത ഇല്ലായ്മ മൂലം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 76,54,452 രൂപയും സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ 34,69,262/- രൂപയും ഉൾപ്പെടെ 1,11,23,714/- രൂപ പഞ്ചായത്തിന് ലഭിച്ച തുകയിൽ നഷ്ടം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ജീവനക്കാരുടെ അഭാവം 2018-19ലെ പ്രളയം, തുടർ പ്രവർത്തനങ്ങൾ എന്നിവയാണ് കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആദ്യപാദങ്ങളിൽ നിർവ്വഹണ നടപടിക്രമങ്ങളിലുണ്ടായ വീഴ്ചക്ക് മേൽ പറഞ്ഞവ മതിയായ കാരണങ്ങളല്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-17-1 പ്രോജക്ട് 197/19 ഉറവിടമാലിന്യസംസ്കരണം-പ്രോജക്ട് പൂർത്തിയായില്ല

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്കായി വീടുകളിൽ 100 ബയോഗ്യാസ് പ്ലാന്റുകൾ 8,500/- രൂപ നിരക്കിലും, 350 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ 2,500/- രൂപ നിരക്കിലും, 210 ബയോഡൈജസ്റ്റർ പോട്ടുകൾ

1,300/- രൂപ നിരക്കിലും സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമാക്കിയത്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | |
| ഫണ്ട് വിവരം | വികസനഫണ്ട് | 2,09,190 |
| | കേന്ദ്രാവിഷ്കൃതപരിപാടി | 23,21,025 |
| | തനത് ഫണ്ട് | 1,275 |
| | ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിലടയ്ക്കുന്നത്) | 3,13,810 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,00,000 |
| | **ആകെ** | **31,45,300** |
| | 2018-19 വരെയുള്ള ചെലവ് | 10,42,200 |
| 2018-19 ലെ ചെലവ് | ശുചിത്വമിഷൻ ഫണ്ട് | 1,04,000 |
| കേന്ദ്രവിഹിതം | ഗുണഭോക്തൃവിഹിതം | 1,04,000 |
| | ആകെ (രസീത് നം.860/4.8.18 & 979/13.12.18, 1,04,000/- വീതം) | 2,08,000 |

2017-18 ലാരംഭിച്ച പ്രോജക്ട് പ്രകാരം ടി പദ്ധതിയുടെ നിർവഹണം ഐ.ആർ.ടി.സി എന്ന ഏജൻസിയെ ഏല്പിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയും ശുചിത്വമിഷനിൽ നിന്ന് ലഭിച്ച സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ (ഗ്രാമപഞ്ചായത്തിന് വേണ്ടി)യും ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റ് സെക്രട്ടറിയും

തമ്മിൽ 2017 ഫെബ്രുവരി 22 ന് ധാരണാപത്രം ഒപ്പിട്ടു. ഐ.ആർ.ടി.സി പ്രോജക്ട് നിർവഹണ യൂണിറ്റിന്റെ മേൽനോട്ടത്തിൽ ഇവ വീടുകളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് കരാർ.

നാളിതുവരെ 76 ബയോഗ്യാസ് പ്ലാന്റുകളും, 64 ബയോഡൈജസ്റ്റർ പോട്ടുകളും, 123 റിംഗ് കമ്പോസ്റ്റുകളും വിതരണം നടത്തിയിട്ടുള്ളതായി ലഭ്യമായ രജിസ്റ്ററുകളിൽ നിന്ന് വ്യക്തമാകുന്നു.

കരാർ പ്രകാരം ഇവയ്ക്കായുള്ള ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ബയോഗ്യാസ് പ്ലാന്റ് - 76 x 8500 | 6,46,000 |
| 2 | ബയോഡൈജസ്റ്റർ പോട്ട് - 64 x 1300 | 83,200 |
| 3 | റിംഗ് കമ്പോസ്റ്റ് - 123 x 2500 | 3,07,500 |
| | **ആകെ** | **10,36,700** |

നിലവിലെ കണക്കുകൾ പ്രകാരം 10,36,700/- രൂപയ്ക്ക് പകരം 2018-19 വരെ 10,42,200 രൂപ നൽകിയതായി കാണുന്നു. എക്സിറ്റ് മീറ്റിംഗിലറിയിച്ചത് പ്രകാരം പ്രോജക്ട് പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്നാണ്. പ്രോജക്ടുകൾ കൃത്യമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17-2 ലൈഫ് ഭവനപദ്ധതി- വീടുകൾ പൂർത്തീകരിക്കാത്തത്

| | |
|---|---|
| പ്രോജക്ട് നം. | 30/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 96,00,000 |
| ചെലവ് | 68,49,400 |

ഗ്രാമപഞ്ചായത്തിന്റെ, ലൈഫ് - സമ്പൂർണ്ണഭവനപദ്ധതി ആദ്യഘട്ടത്തിൽ 23 ഗുണഭോക്താക്കൾ കരാർവെച്ച് വീടുപണി ആരംഭിച്ച് ആദ്യഗഡു തുക കൈപ്പറ്റി. ഇവരിൽ 20 പേർ ഓഡിറ്റ് കാലയളവിനുള്ളിൽ പണികൾ പൂർത്തീകരിച്ചതായി നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചു. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | അവസാന തുക കൈപ്പറ്റിയ തീയതി |
|---|---|---|
| രവീന്ദ്രനാഥപണിക്കർ &തങ്കമണി സി.സി., മേത്തശ്ശേരിതുണ്ടിയിൽ | 40,000 | 14.8.2018 |
| സതീഷ് കെ.കെ. & സൗമ്യ സതീഷ്, കാക്കനാട്ട് | 3,00,000 | 10.1.2019 |
| അനിൽകുമാർ& ശാലിനി അനിൽകുമാർ, ശങ്കരമന്ദിരം | 2,00,000 | 21.6.2019 |

ഈ ആളുകൾ വീട് പണി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-17-3 ഭവനനിർമാണം(ജനറൽ) - പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് നം. | 199/19 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | 2,10,00,000(സഹകരണബാങ്ക് ലോൺ) |

ഇ.എം.എസ് ഭവനപദ്ധതി അവസാനിച്ച ശേഷം സർക്കാർ നിർദ്ദേശപ്രകാരം ബാങ്ക് വായ്പ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 2016 ലാരംഭിച്ച പ്രോജക്ട് പ്രകാരം ചീരംചിറ സർവ്വീസ്

സഹകരണ ബാങ്കിൽനിന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, വി.ഇ.ഒ എന്നിവരുടെ പേരിൽ 2,10,00,000/- രൂപ ലോണെടുത്ത് പൊതുവിഭാഗത്തിൽപ്പെട്ട 105 ഗുണഭോക്താക്കൾക്ക് ഭവനം നിർമിക്കുന്നതിന് 2,00,000/- രൂപ വീതം അനുവദിക്കുകയായിരുന്നു പ്രോജക്റ്റ് ലക്ഷ്യമാക്കിയത്. ഓഡിറ്റ് സമയംവരെ 95 ഗുണഭോക്താക്കൾ വീട് പൂർത്തീകരിച്ച് രണ്ട് ലക്ഷം രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ഓഡിറ്റ് കാലയളവായ 2018-19 ൽ 3,80,000/- രൂപ പ്രോജക്റ്റ് പ്രകാരം ചെലവഴിച്ചു. ലോൺ അക്കൗണ്ടിൽ നിന്ന് തൻവർഷം ഇതിനായി പിൻവലിച്ചത് 3,70,000/- രൂപയാണ്. ലോൺ തിരിച്ചടവിലേക്ക് 2018-19 ൽ പൊതുവിഭാഗം വികസനഫണ്ട് 21,00,000/- രൂപയും(ബിൽ നം.9/20.6.18) പലിശയടവിന് തനത് ഫണ്ട് 25,00,000/- രൂപയും ചെലവഴിക്കുകയുണ്ടായി. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയില്ല.

| ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| ഗീതമ്മ മണിക്കുട്ടൻ, അഞ്ചിൽച്ചിറ, മിഥുൻഭവനം, കുമരങ്കരി | 1,80,000 | 40,000 | 23.1.2018 |
| അനിത സജി, നാരകപ്പറമ്പിൽ, തുരുത്തി | 80,000 | 60,000 | 22.5.2017 |
| ഓമന ചന്ദ്രൻ, തകടിയേൽ, ചീരംചിറ | 1,80,000 | 40,000 | 6.8.2018 |
| ഷീജ രാജീവ്, പുതുപ്പറമ്പിൽ, ചീരഞ്ചിറ | 1,80,000 | 40,000 | 7.12.2017 |
| അന്നമ്മ സണ്ണി, കപ്പിലാമൂട്ടിൽ, | 1,80,000 | 40,000 | 24-11-2015 |

| | | | |
|---|---|---|---|
| ചീരംചിറ | | | |

ഇപ്രകാരം ഭവനനിർമാണം പാതിവഴിയിൽ തടസ്സപ്പെട്ടവരെയെല്ലാം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് സ്ഥാപനത്തിന്റെ വീഴ്ചയാണ്. ഭവനനിർമാണം പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18-1 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി)- രേഖകൾ ലഭ്യമല്ല

| പ്രോജക്ട് നം. 25/19 | | |
|---|---|---|
| ഫണ്ടിനം | അടങ്കൽ തുക | ചെലവ് |
| വികസന ഫണ്ട് (എസ്.സി.പി) | 2,00,000 | 80,000(ബിൽ നം.10/18-19,16.02.19) |
| തനത് ഫണ്ട് | 10,000 | 0 |
| ആകെ | 2,10,000 | 8,000 |

പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ അർച്ചന കെ.കെ. (അക്കൗണ്ട് നം.67198701626) എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് 30,000/- രൂപ മാറി നല്കിയിട്ടുണ്ട്. എന്നാൽ, ടി ഗുണഭോക്താവിനെ സംബന്ധിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.2019) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-18-2 ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം - ബിൽ തുകയേക്കാളും കൂടുതൽ തുക സ്ഥാപനത്തിന് നല്കി

പ്രോജക്ട് നം.24/19

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 4,00,000 | 2,66,400(ബിൽ നം.14/18-19, 16.02.19) |
| തനത് ഫണ്ട് | 20,000 | 14,400 |
| ആകെ | 4,20,000 | 2,80,800 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.സി) എന്ന പ്രോജക്ടിനായി 29,600/-രൂപ വിലയുള്ള 9 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | അപാകത |
|---|---|
| ശ്രീദേവി നടേശൻ, കുരുതിക്കളം | വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും 04.03.2015 ൽ പ്രിൻസിപ്പാൾ ഇഷ്യൂ ചെയ്ത സാക്ഷ്യപ്പത്രത്തിൽ 2014-15 വർഷം പഠിച്ച വിദ്യാർത്ഥി എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ടിയാളുടെ അപേക്ഷ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| ആതിര ഗോപി, പുതുപ്പറമ്പിൽ, ചീരഞ്ചിറ | ടിയാൾ TAMS Acadamy for Management Studies, മുല്ലയ്ക്കൽ, ആലപ്പുഴ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ ബി.ബി.എ കോഴ്സിന് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സർക്കാർ/ എയ്ഡഡ് / സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല |

| | |
|---|---|
| | അഫിലിയേഷനോടു കൂടിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യം നല്കാവൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തിക്ക് ലാപ്ടോപ് നല്കിയത് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

9 ലാപ്ടോപ്പിന്റെ വിലയായ 2,66,400/- രൂപ (29,600 x 9) വികസന ഫണ്ടിൽ നിന്നുമാണ് മാറി നല്കിയിട്ടുള്ളത്. ചെലവ് പത്രിക പ്രകാരം ടി പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 14,400/- രൂപ ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നം.21801234, 29.03.19 പ്രകാരം 14,400/- രൂപ കെൽട്രോണിന് മാറി (ചലാന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) നല്കിയിട്ടുണ്ട്. തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ബിൽ (കെൽട്രോണിൽ നിന്നും ലഭിച്ചത്) വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 9 ലാപ്ടോപ്പിന്റെ വിലയും വികസന ഫണ്ടിൽ നിന്നും ഒടുക്കിയ സാഹചര്യത്തിൽ ഇപ്രകാരമുള്ള ചെലവിന്റെ ആവശ്യകത ഓഡിറ്റിൽ വ്യക്തമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം ചെലവ് ചെയ്ത 14,400/- രൂപയും മാനദണ്ഡങ്ങൾ പാലിക്കാതെ നല്കിയ 2 ലാപ്ടോപ്പുകളുടെ വിലയായ 59,200/- രൂപയും ചേർത്ത് 73,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-18-3 അഗതി രഹിത കേരളം-ആശ്രയ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നത്

അഗതിരഹിതകേരളം പദ്ധതിയുടെ നടത്തിപ്പിനായി ബാങ്ക് ഓഫ് ബറോഡയുടെ 11240100011387 നമ്പരായി സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ 9.8.2019ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ആശ്രയ ഒന്നാംഘട്ട പ്രോജക്ടിനായി എസ്.ബി.ഐ.യുടെ പെരുന്ന ശാഖയിലുണ്ടായിരുന്ന അക്കൗണ്ടിൽ 25.3.2019 ലുണ്ടായിരുന്ന 23,96,684/- രൂപയിൽ ബാങ്ക് ചാർജിനത്തിലെ 48 രൂപ കിഴിച്ച് 23,96,636/- രൂപ അഗതിരഹിതകേരളം പദ്ധതിയ്ക്കാരംഭിച്ച അക്കൗണ്ടിലേക്ക് 6.9.2019 ലും ആശ്രയ രണ്ടാം ഘട്ടത്തിനായി ബാങ്ക് ഓഫ് ബറോഡയിൽ തന്നെയുണ്ടായിരുന്ന അക്കൗണ്ടിൽ ബാക്കിനിന്ന തുക 577086, പലിശ 411/- എന്നിവ 9.8.2019 ലും

മാറ്റിയിട്ടുണ്ട്. ഇതുപ്രകാരം അഗതിരഹിതകേരളം അക്കൗണ്ടിൽ 6.9.2019ലുള്ള നീക്കിയിരിപ്പ് തുക 29,74,133/- രൂപയാണ്.

എന്നാൽ ആശ്രയ ഒന്നാംഘട്ടത്തിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ 25.9.2019 ൽ പലിശ ഇനത്തിൽ 34,775/- രൂപ ബാക്കിനിൽക്കുന്നതായി കാണുന്നു. ആശ്രയ ഒന്നും, രണ്ടും ഘട്ടങ്ങളുടെ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാക്കിനിൽക്കുന്ന തുകകൾ അഗതിരഹിതകേരളം പദ്ധതിക്കായി തുടങ്ങിയിട്ടുള്ള അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കാൻ ആവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. ടി വിഷയത്തിലേയ്ക്ക് അധികൃതരുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

പഞ്ചായത്തിൽ 3 സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഓരോ വർഷവും സാധനങ്ങൾ വാങ്ങുമ്പോൾ ഓരോ പേജുകളിൽ എഴുതി വരുന്നതായാണ് കാണുന്നത്. ആയതിനാൽ പഞ്ചായത്തിൽ ആകെ എത്ര ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ മുതലായവ ഉണ്ടെന്നതു സംബന്ധിച്ച് കൃത്യമായ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. കൂടാതെ വാങ്ങുന്ന എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നതുമില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനം സാധനങ്ങൾക്കും പ്രത്യേകം പേജ് നീക്കി വെക്കേണ്ടതും ഓരോ ഇനം സാധനങ്ങളും വാങ്ങുമ്പോൾ വിശദാംശങ്ങൾ സഹിതം ടി പേജുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മോട്ടോർ റിപ്പയറിംഗ് ചാർജ്ജ് - പാടശേഖര സമിതി പ്രസിഡന്റിന് നല്കി

വൗച്ചർ നം.21801184/27.03.19 പ്രകാരം പഞ്ചായത്തിലെ 5-ാം വാർഡിലെ പട്ടിത്താനം വടക്കേകര പാടശേഖര സമിതിക്ക് കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ലഭ്യമായ പെട്ടി പറ എന്നിവയ്ക്കൊപ്പമുള്ള 30HP motor (slip ring motor) റിപ്പയർ ചെയ്തതിന്റെ ചാർജ്ജ് ആയി 5,000 രൂപ പാടശേഖര സമിതി പ്രസിഡന്റിന് നല്കിയിട്ടുണ്ട്. പാടശേഖരസമിതിക്ക് കൈമാറിയ പെട്ടി, പറ, മോട്ടോർ എന്നിവയുടെ തകരാർ പരിഹരിക്കുക എന്നത് പാടശേഖരസമിതിയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ ഇപ്രകാരം തുക നല്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/21.12.2019) മറുപടി ലഭിച്ചിട്ടില്ല. 5,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 5,000 രൂപയുടെ അധികച്ചെലവിന് സെക്രട്ടറി ശ്രീമതി ജി.വിജയലക്ഷ്മി ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## 3-2 ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം - ബിൽ തുകയേക്കാളും കൂടുതൽ തുക സ്ഥാപനത്തിന് നല്കി

**പ്രോജക്ട് നം.24/19**

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 4,00,000 | 2,66,400(ബിൽ നം.14/18-19, 16.02.19) |
| തനത് ഫണ്ട് | 20,000 | 14,400 |
| ആകെ | 4,20,000 | 2,80,800 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബിരുദ, ബിരുദാനന്തര, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.സി) എന്ന പ്രോജക്ടിനായി 29,600/-രൂപ വിലയുള്ള 9 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | അപാകത |
|---|---|
| ശ്രീദേവി നടേശൻ, കുരുതിക്കളം | വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും 04.03.2015 ൽ പ്രിൻസിപ്പാൾ ഇഷ്യൂ ചെയ്ത സാക്ഷ്യപ്പത്രത്തിൽ 2014-15 വർഷം പഠിച്ച വിദ്യാർത്ഥി എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ടിയാളുടെ അപേക്ഷ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| ആതിര ഗോപി, പുതുപ്പറമ്പിൽ, ചീരഞ്ചിറ | ടിയാൾ TAMS Acadamy for Management Studies, മുല്ലയ്ക്കൽ, ആലപ്പുഴ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ ബി.ബി.എ കോഴ്സിന് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സർക്കാർ/ എയ്ഡഡ് / സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല |

| | |
|---|---|
| | അഫിലിയേഷനോടു കൂടിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യം നല്കാവൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തിക്ക് ലാപ്ടോപ് നല്കിയത് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

9 ലാപ്ടോപ്പിന്റെ വിലയായ 2,66,400/- രൂപ (29,600 x 9) വികസന ഫണ്ടിൽ നിന്നുമാണ് മാറി നല്കിയിട്ടുള്ളത്. ചെലവ് പത്രിക പ്രകാരം ടി പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 14,400/- രൂപ ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നം.21801234, 29.03.19 പ്രകാരം 14,400/- രൂപ കെൽട്രോണിന് മാറി (ചലാന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) നല്കിയിട്ടുണ്ട്. തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ബിൽ (കെൽട്രോണിൽ നിന്നും ലഭിച്ചത്) വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 9 ലാപ്ടോപ്പിന്റെ വിലയും വികസന ഫണ്ടിൽ നിന്നും ഒടുക്കിയ സാഹചര്യത്തിൽ ഇപ്രകാരമുള്ള ചെലവിന്റെ ആവശ്യകത ഓഡിറ്റിൽ വ്യക്തമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.12.19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം ചെലവ് ചെയ്ത 14,400/- രൂപയും മാനദണ്ഡങ്ങൾ പാലിക്കാതെ നല്കിയ 2 ലാപ്ടോപ്പുകളുടെ വിലയായ 59,200/- രൂപയും ചേർത്ത് 73,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 73,600 രൂപയുടെ അധികച്ചെലവിന് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.എം.മുഹമ്മദ് ഷെരീഫ് ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29.05.2019 മുതൽ 30.05.2019 വരെ | കെ.എസ്.എ-കെ.ടി.എം.പി/10/763 തീ:04.06.2019 |

## 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 14,00,000 | ലൈഫ്, ജനറൽ | 14,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 8,28,390 | ലൈഫ്, ജനറൽ | 5,28,390 | 3,00,000 |
| മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | ,, | 2,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | | | |
| കേരള വാട്ടർ അതോറിട്ടി | പാറയിൽ കുടിവെള്ളപദ്ധതി | | 80,000 | | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിട്ടി | അങ്കണവാടി പൈപ്പ്ലൈൻ | | 4,47,000 | | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിട്ടി | മൃഗാശുപത്രിക്ക് പൈപ്പ്ലൈൻ | | 50,000 | | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | 18,50,000 | | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | | 4,97,300 | 1,11,100 വിനിയോഗസാക്ഷ്യപത്രം പ്രകാരം | 3,86,200 |
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | 1,30,000 | | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

(വാർഷികകണക്കിൽ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണ്ണമായും മൂലധനച്ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു)

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകകൾ നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5,24,687 രൂപ വരവുണ്ട്. 5,24,687 രൂപ വിനിയോഗിച്ചിട്ടുമുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി അനുവദിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി ചീരഞ്ചിറ എസ്.സ്.ബി | തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 2.2.15-ലെ 1292/ഡിബി1 തസ്വഭവ കത്ത്. 2,10,00,000/-രൂ. | 1,31,20,000 | 3,70,000 | 21,00,000 | 25,00,000 | 1,13,90,000 |
| | കെ.യു.ആർ.ഡി.എഫ്.സി. ലോൺ ജി.ഒ.(എം.എസ്.) 68/18/ 18.5.18 | | 1,54,687 | - | | 1,54,687 |

വായ്പരജിസ്റ്റർ/വാർഷികകണക്ക് എന്നിവയിൽ വായ്പ സംബന്ധിച്ച വിവരങ്ങൾ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദവിവരങ്ങൾ പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | | :13,13,09,931.99 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | :7,00,72,975.00 |
| വരവിനങ്ങളിലുള്ള നഷ്ടം | | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | :78,600 |

| | |
|---|---|
| ഓാഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :31,15,750 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,000 | ശ്രീമതി ജി.വിജയലക്ഷ്മി, സെക്രട്ടറി |
| 3-2 | | 73,600 | ശ്രീ.എം.മുഹമ്മദ് ഷെറീഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | | **78,600** | |

**<u>ഓാഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11-2 | 4,200 | ശ്രീമതി ബീമ എം., സെക്രട്ടറി |
| | 4,750 | ശ്രീ.ഡി.അനിൽകുമാർ, സെക്രട്ടറി |
| 1-11-3 | 7,500 | ശ്രീമതി ജി.വിജയലക്ഷ്മി, സെക്രട്ടറി |
| 1-11-5 | 15,000 | ശ്രീമതി ജി.വിജയലക്ഷ്മി, സെക്രട്ടറി |
| 1-11-7 | 30,54,300 | സെക്രട്ടറി |
| 1-18-1 | 30,000 | ശ്രീ.എം.മുഹമ്മദ് ഷെറീഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **31,15,750** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജി.വിജയലക്ഷ്മി, സെക്രട്ടറി | സെക്രട്ടറി, വിളപ്പിൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | ദേവികൃഷ്ണ, റ്റി.സി.5/2070(1) വൃന്ദാവൻ ഗാർഡൻസ്, കവടിയാർ പി.ഒ., തിരുവനന്തപുരം |
| ശ്രീ.എം.മുഹമ്മദ് ഷെറീഫ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മേലുകാവ് ഗ്രാമപഞ്ചായത്ത് | പുതിവൽ പുത്തൻവീട്, ആണ്ടൂർക്കോണം പി.ഒ., തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.4.98 - 30.6.98 (ജനകീയാസൂത്രണം) | ന.എൽ.എഫ്.കെ.പി.8/462/02/16.11.02/18.12.02 | |
| 2001-02 | നം.എൽ.എഫ്.കെ.പി.8/201/08/28.3.09/4.08.09 | |
| 2002-03(ചെലവ്) | നം.കെഎസ്എ.കെടിഎം.പി.10/(അദാ.2018)194(1)/ 2018/01.02.18 | 07 |
| 2003-04(ചെലവ്) | നം.എൽ.എഫ്.കെ.പി.8/1217/06/18.6.12 | 8 |
| 2004-05 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(2)/ 2018/01.02.18 | 04 |
| 2005-06 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(3)/ 2018/21.02.18 | 05 |
| 2006-07 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(4)/ 2018/21.02.18 | 19 |
| 2007-08 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(5)/ 2018/01.02.18 | 14 |
| 2008-09 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(6)/ 2018/01.02.18 | 09 |

| | | |
|---|---|---|
| 2009-10 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(7)/ 2018/01.02.18 | 16 |
| 2010-11& 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി.10/(അദാ.2018)194(8)/ 2018/01.02.18 | 07 |
| 2012-13 | നം.കെ.എസ്.എ-കെ.ടി.എം.പി3-826/14/5.2.16 | 08 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി3/1607/2015 10.05.2016 | 21 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി10/522/17/02.06.17 | 25 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി3/431/2017/23.05.17 | 18 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി10/1130/2017/04.12.17 | 45 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി10/1955/2018/16/11/2018/ 31.01.2019 | 39 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ്സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി10/1954/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:03.02.2020**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ എന്റെ അഭിപ്രായത്തിൽ **വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**